
EMA NEWS, Vol 10 January 2018
ST. Mary's College, Thrissur




Phone: 0487 2333485
E-mail: smctsr@gmail.com
Website: www.stmaryscollegethrissur.edu.in

Chief Editor: DR. Vimala Menon K
Asso. Editors.Dr.Parvathy Warrier
Prof. Catherine Gemma
Prof. Mary Kunju

*Dear Elder Marians!*

*Every year St. Mary's sets stage for the reunion of its alumni and awaits with eager expectation the jubilant assembly of its members. It is heart warming to see the elders of yore and the youth of yester years flock in the sanctuary of their Almamater, in the magnificent Jubilee Hall, a witness to the day's sprightly activities. Giving vent to their sighs and hopes and promising to meet the next year they leave needless to say with refurbished vigour in body and mind.*

*The Alumni association of any college is a colorful feather in its plume. It is a veritable source of abiding strength to the institution and moulds its destiny, bequeaths an inheritance. Impressive alumni waft the fame and name of the college to distant lands they inhabit.*

DR. Vimala Menon K (1964)

**Principal's Note**

*Dear friends,*

*Happy to see and hear from you again.*

*'Reverie 2018', the annual newsletter of the alumnae is an echo of all elder Marians. St. Mary's is one of the premier educational institution with a vision of holistic development of women and children, which came into existence in 1946. This is the 72nd yearof her existence. Reverie symbolizes the amalgamation of generation of St. Marians. One should be very proud and happy to come here and see the progress, difference and development in all perspectives of our alma matter. It is an occasion where students gather and go through the memory line and look forward for new interactions with new hopes and aspirations. To see old faces are like seeing our own parents and grandparents from whom there is a lot to learn. New generation people also have to cherish their memories which they had experienced during their college days. I am sure this gathering will energize us in all levels. Let us gather once in a year with very happy and enthusiastic mind.*

*My message to Reverie is that wherever we go, whatever we do, do it for the greater glory of God. What we are now is only with the grace of the God. Let us not forget it. With Him each person is a hero and without Him each one is a big Zero. Let us inculcate in us what we learn from our alma matter and be a good person to propagate our love towards*

*the institution. Let us try to uphold the good qualities that we learn from our college and try to be a proud St. Marian.*

*In the Gospel it says "Do nothing from selfishness or conceit, but in humility count others better than yourselves. Let each of you look not only to his own interest but also to the interest of others. Have this mind among yourselves" (Phil.2: 3-5).*

*I feel extremely glad and proud to place this annual newsletter the 'Reverie' in the hands of our esteemed stake holders. I congratulate and thank all the alumnae, former staff members and students who have contributed their write ups for publication of this issue. I also congratulate and appreciate the hard work and tremendous efforts made by the editorial board and all the persons behind this task.*

*I also express my heartfelt thanks to the members for the guidance and the support from time to time for the successful launch of this periodical. May you all be blessed by the Lord and may Mother Mary keep you under her mantle always and everywhere. Thank you*

*Thanking you,*

***Dr. Sr. Magie Jose***

*Principal*

## A REMINISCENCE



It was in 1956 that I was a student of Botany BA in St.Mary's College, Trichur. Then the college was under Madras University. Miss P.J.Daisy was the Head of the Department of Botany. (Later she got married and became Mrs.Daisy Mani Panengaden). I was one among the first batch of Botany students. Mrs.Daisy was very strict with the students but never harsh. We, the students never disobeyed her but loved her.

One incident, I cherish in my mind, is her strictness when we were taken to Ooty on study tour for one week. It was really a study tour in the strict sense. She had given us a clear idea of the nature of the study tour although we did not understand it in the true sense. The preparation for the tour was quite elaborate. Tickets were reserved, student's concession forms were prepared in triplicates. We had to carry some wooden press, Vasculum, a number of gars, formalin newspapers, Books like 'Flora of Hilly places like Ooty'. We had booked for rooms in Malayali hotel where we had comfortable stay at night. Every day after breakfast, we had to walk up to some hilly places with vasculum, plastic bags, knife etc and collect whatever plants we found both familiar and unfamiliar. By evening we would reach our hotel very tired and our much felt need was to take rest. But Mrs Daisy would not agree. She knew that if we were allowed to take rest then, much of the work would not be finished that day. She would remind us that study tour is different from picnic. Picnic is for enjoyment and study tour is part of study. She would then divide us into groups. Some of us would be engaged in

pressing the known plant twigs using wooden press, others would be in charge of identifying the new plants using Flora-Another group was in charge of preserving specimens in Formalin. Anyway we would sleep only after all the work was over, even though we were dead tired. The next morning we would be fresh and continue the collection in the same pattern during the whole week.

I still remember Mrs Daisy’s care for our health. We wanted some change in the food for breakfast or dinner. She would tell us that Idli and Chuttni is the best in the cold climate. Masala Dosai and Puri would spoil our stomach and at noon ordinary Kerala rice, Sambar and Rasam would be served. Actually we were slightly disappointed about the routine menu, but it was a blessing in disguise as it spared us of all stomach complaints. Thanks to the food control.

We wanted permission to go for cinema one day, Mrs. Daisy warned us that we had no time to spend like that. We had to take maximum collection from Ooty. After one week when we returned from Ooty we had developed keen interest in the plants around us even though we could not enjoy sightseeing in Ooty.

Now things have changed regarding study tour, no hardships at all. The security in the garden will give enough number of plants. It is like picnic. Though Mrs. Daisy Mani was strict then, I realize now that it was a good experience for us later when we had to deal with the students.

I joined CMC (Congregation of Mother of Carmel). M.K.Mercy, became Sr.Lucia CMC. I was appointed as Lecturer in Botany in Vimala College in 1967. Mrs.Daisy Mani was the Head of the Department. I was very happy to assist her. She never under rated me as her student but always

considered me as her equal or perhaps with due respect since I was a nun – a religions sister.

Later in 1979 though I was transferred to St.Mary's College, Thrissur I had frequent contacts with her. Every year we used to meet and exchange ideas. But her death was sudden. The almighty has his own plans and took her to his abode.

May her soul rest in peace!

Sr.Lucia CMC(1978)

**Principal sr. Dr. Mariette addressing the alumnae gathering**




## ഒരു സെൻറ് മേരീസ് സൌഹൃദത്തിന്റെ സുവർണ്ണ കഥ

1965-66 അദ്ധ്യയന വർഷം - അന്നു ഞങ്ങൾ എം.എ സീനിയർ വിദ്യാർത്ഥിനികളാണ് - ഞങ്ങൾ - സ്വർണ്ണകുമാരി, സുശീല, പി.ജി.പാർവ്വതി, പിന്നെ പി.ലീല എന്ന ഈ ഞാൻ. ഞങ്ങൾ 4 പേരും ഒരു ഞെട്ടിലെ പൂക്കൾ പോലെ എന്ന പഴയ ഉപമ തന്നെ ഉപയോഗിച്ചോട്ടെ? എപ്പോഴും

ഒരുമിച്ചായിരുന്നു - ലൈബ്രറിയിൽ - ക്ലാസ്സിൽ - റിക്രിയേഷൻ ഗ്രൌണ്ടിൽ ഒക്കെ -

പഠിച്ചും, വായിച്ചും, സൊറപറഞ്ഞും തിമിർത്തു നടന്നകാലം. ഹോസ്റ്റലിൽ വർഷാന്ത്യ മത്സരങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഒരു ദിവസം പി.ജി.പാർവ്വതി യ്ക്കൊരു മോഹം. സ്വർണ്ണം, നമുക്കൊരു Duet Dance ചെയ്താലെന്താ?

സ്വർണ്ണം : ചെയ്യണം, അത്ര തന്നെ.
സുശീല : വെറുതെ വേണ്ടാട്ടോ - ജൂബിലി ഹാളിൽ ആകെ കൂക്കുവിളിയാവും.
ലീല : അതിന് നിങ്ങൾ ഡാൻസ് പഠിച്ചിട്ടുണ്ടോ?
പി.ജി.പാർവ്വതി : അതിലിത്ര പഠിക്കാനെന്തിരിക്കുന്നു?

ഇഷ്ടമുള്ള ഒരു പാട്ട് സെലക്ട് ചെയ്യുക. എന്നിട്ട് അത് വലിയ വശക്കേടു കൂടാതെ പാടാൻ പഠിക്കുക. പിന്നെ ഒക്കെ എളുപ്പമായില്ലേ? നമ്മുടെ മനസ്സിൽ വരുന്ന ആംഗ്യങ്ങൾ കാണിച്ച്, കാലുകൾകൊണ്ട് സാധാരണ ഡാൻസുകളിൽ കാണുന്നപോലെ സ്റ്റെപ്പുകൾവെച്ച് - നടക്കുക, വട്ടത്തിൽ തിരിയുക: അത്രയൊക്കെയല്ലേ ഉള്ളൂ? അല്ലെ സ്വർണ്ണം?

സ്വർണ്ണം : അതെയതെ; അത്രതന്നെയേ ഉള്ളൂ. നമുക്കതൊന്ന് വേഗം തട്ടികൂട്ടണം. ഈ നൃത്തമത്സരം കഴിഞ്ഞാൽ പിന്നെ നമുക്കു ചാൻസില്ല. ഫൈനൽ ഇയർ ആയില്ലേ!

സുശീല : എന്റെ പിള്ളേരെ, തോന്ന്യവാസം പറയാതെ, ഉള്ള സമയം പഠിയ്ക്കാൻ നോക്കിക്കോളൂ, ഫൈനൽ എക്സാമിന് ഇനി അധികം കാലമൊന്നുമില്ല.

ലീല : അല്ല പിന്നെ - ഒരു നൃത്തവും അറിയാത്തവരുടെ ഒരു നൃത്തോത്സവം - അതും മത്സരം - ഭ്രാന്തുതന്നെ -

ആ ദിവസം അങ്ങനെ കഴിഞ്ഞു. പിറ്റേദിവസം ആദ്യത്തെ ഷോർട്ട് ഇൻറർവെല്ലിൽ സുശീല ഓടിവരുന്നു എന്റെയടുത്തേയ്ക്ക്: "സ്വർണ്ണവും, പിജിയും എവിടെ"?
എന്തുപറ്റി, ക്ലാസ്സിലില്ലെ: ഞാൻ.

ഇല്ലെന്നേ, രണ്ടു പേരേം കാണാനില്ല: സുശീല.

ഈ hour കൂടി കഴിഞ്ഞോട്ടെ. ഉച്ചയൂണു സമയത്ത് നമുക്കു റൂമിൽ പോയിനോക്കാം.

അല്ല - ഈ രണ്ടു പിരീയഡ് അവർ എവിടെയായിരുന്നു? സുശീല.

നോക്കാം സുശീലേ - ഈ hour കഴിഞ്ഞാൽ നമുക്ക് ഹോസ്റ്റലിൽ പോകാലോ -

സുശീല ശാന്തയായില്ല. പക്ഷേ ആ പരിഭ്രമത്തോടെ തന്നെ ഞങ്ങൾ രണ്ടുപേരും ക്ലാസ്സിൽ പോയി.

അവർ രണ്ടുപേരും ക്ലാസ്സിലില്ല. ഞങ്ങളുടെ കണ്ണുകൾ ഒന്നുടക്കി.

ക്ലാസ്സു കഴിഞ്ഞു. ഉച്ചയൂണുസമയം. ഡൈനിങ്ങ് ഹാളിലും അവരില്ല. ഞാനും, സുശീലയും ക്ലാസ്സായ ക്ലാസ്സുകൾ മുഴുവൻ അലഞ്ഞു. കണ്ടുകിട്ടിയില്ല. ഏതൊക്കെയോ friends ന്റെ കൂടെ കണ്ടുവെന്നു അവിടവിടെനിന്ന് റിപ്പോർട്ടുകൾ കിട്ടി. ഛെടാ - ഇനിയെന്തുചെയ്യും?

പിറ്റേന്നു രാവിലെ 11 മണികഴിഞ്ഞാണ് സുശീലയ്ക്ക് ഒരു ക്ലൂ കിട്ടിയത്. അവർ രണ്ടുപേരും നൃത്തമത്സരത്തിൽ പങ്കെടുക്കാൻ പേരു കൊടുത്തിട്ടുണ്ട്. ഏതെങ്കിലും ക്ലാസ്സുമുറിയിൽ അടച്ചുനിന്ന് പരിശീലനം തകർക്കുകയാവും.

ഏതായാലും ആപത്തൊന്നുമില്ലല്ലോ എന്നു വിചാരിച്ചുവെങ്കിലും സമാധാനിയ്ക്കാനാവുന്നില്ല. ഇവരെങ്ങനെ നൃത്തം ചെയ്യും? ജീവിതത്തിൽ കെ.ജി ക്ലാസ്സിലെങ്കിലും രണ്ടു ചുവടുകൾ വെയ്ക്കാത്തവർ?

അന്ന് 71/2 മണിയ്ക്ക് നൃത്ത പരിപാടികൾ തുടങ്ങുന്നിടത്തുനിന്ന് അനൌൺസ്മെൻറ് വന്നുതുടങ്ങി. ആദ്യത്തെയിനം നൃത്തമത്സരങ്ങൾ, ഒന്നാമതായി ഒരു സ്പെഷ്യൽ ഐറ്റമാണ്. നമ്മുടെ രണ്ടു പി.ജി. വിദ്യാർത്ഥിനികൾ ആദ്യമായി നൃത്തം ചെയ്യുന്നു. ഒരു ഡ്യൂവെറ്റ്. സുശീല നെറുകയിൽ കയ്യുംവെച്ച് ഓടി, അല്ല പറന്നു; സ്റ്റേജിന്റെ മുന്നിലേയ്ക്ക്. ഞാൻ തൊട്ടുപിന്നിൽ. അവിടെ കർട്ടൻ ഉയരുന്നു. ആദ്യത്തെ കാഴ്ച. പിജി ഒരു കസേരയിൽ ആഭരണങ്ങളും, ആടകളുമായി ഇരിയ്ക്കുന്നു. അരങ്ങിന്റെ പിന്നിൽനിന്ന് "പ്രിയമാനസാ നീ വാവാ, പ്രേമമോഹന ദേവാ.... വാതിലും തുറന്നു നിൻ വരവും കാത്തിരിപ്പൂ ഞാൻ...." എന്ന 'ചിലമ്പൊലി' യിലെ ഗാനത്തിന്റെ
ബീറ്റ്സ്. അപ്പോൾ കസേരയിൽ തലയിലൊരു പീലിയും വെച്ചിരിക്കുന്ന പ.ജി.പാർവ്വതി കൃഷ്ണനാണ്. സാരിയുടുത്ത് ചുറ്റും വട്ടംതിരിയുന്ന സ്വർണ്ണം രാധയും.........

"എന്റെ കൃഷ്ണാ-----" സുശീലയുടെ സഹതാപാർദ്രമായ വിളി.

"ഇങ്ങട് ഇറങ്ങി വരണണ്ടോ? ആ കർട്ടൻ ഇട് രാജി" ---- വീണ്ടും സുശീല.

എനിയ്ക്കാണെങ്കിൽ മിണ്ടാൻ പറ്റുന്നതേയില്ല - ഏതായാലും ആ പാട്ട് കഴിയുന്നതുവരെ കർട്ടൻ വീണില്ല. പിജിയും, സ്വർണ്ണവും ഇറങ്ങിയതുമില്ല. ഹാളിൽ കോളിളക്കംതന്നെ. കൈകൊട്ടൽ-പീപ്പിവിളിയ്ക്കൽ-ആർപ്പുകൾ-പാട്ട്-ചൂളംവിളികൾ-അവസാനം എല്ലാം

കെട്ടടങ്ങി. പാട്ടുകഴിഞ്ഞ് പത്തുമിനിട്ടോളം അട്ടഹാസങ്ങളും, പൊട്ടിച്ചിരികളും, ആർപ്പുവിളികളും തുടർന്നു.

ഹോസ്റ്റൽ ദിനത്തിന്റെ അന്ന് അന്നത്തെ സ്പെഷൽ ഡാൻസേഴ്സിന് ലീലയുടേയും, സുശീലയുടേയും വക ഒരു സ്പെഷ്യൽ പ്രൈസ് അനൌൺസ് ചെയ്തു കൊടുത്തു. ഓരോ ചെറിയ നിലവിളക്ക്, അതിൽ സൌഹൃദത്തിന്റെ സുവർണ്ണ സ്മരണയ്ക്ക് പേരുകൾ കൊത്തിയിരുന്നു, സ്വർണ്ണത്തിന്, പിജിയ്ക്ക് - സ്നേഹപൂർവ്വം "സ്വർണ്ണലീല".

അതുകഴിഞ്ഞ് ഒരുമാസത്തിനുശേഷം പിജിയുടേയും, സ്വർണ്ണത്തിന്റേയും പിറന്നാളായിരുന്നു. അത്ഭുതമില്ല - മാസവും, നക്ഷത്രവും ഒന്നുതന്നെ. ആ രണ്ടുവിളക്കുകളിലും എണ്ണയൊഴിച്ച്, തിരിയിട്ട് ഞങ്ങൾ അവകൊളുത്തി. ഓരോ തൂശനില സംഘടിപ്പിച്ചു. ഹോസ്റ്റൽ വിഭവങ്ങൾ തന്നെ വിളമ്പി ഒരു സദ്യ.

പിന്നെയും ആഴ്ചകളോളം ഹോസ്റ്റലിൽ പ്രിയമാനസയുടെ ട്യൂൺ കേട്ടുകൊണ്ടേയിരുന്നു. ചിലരൊക്കെ ഒഴിവുസമയങ്ങളിൽ ആ പാട്ട് മുഴുവൻ പാടി. വേറെ ചിലർ സ്വർണ്ണത്തിന്റേയും, പിജിയുടേയും വിചിത്രമായ നൃത്തചുവടുകൾ അവതരിപ്പിച്ച് അന്തരീക്ഷത്തിൽ പൊട്ടിച്ചിരികളുയർത്തി.

വർഷങ്ങൾ കടന്നുപോയി. ഞങ്ങൾ 4 പേരും വൃദ്ധകളായി. ഇന്നും "ചിലമ്പൊലി" യിലെ "പ്രിയമാനസാ" മനസ്സിൽനിന്ന് മായുന്നില്ല. എങ്ങനെ മറക്കും? ജീവിതത്തിൽ എത്ര സന്തോഷങ്ങളുണ്ടായാലും ആ ദിവസങ്ങളുടെ തിളക്കം ഒന്നുവേറെത്തന്നെ.

**പി.ലീല (1959-1966)**

## **BRAINSTORMING QUESTIONS**

1. A murderer is condemned to death. He has to choose between 3 rooms. The first is full of raging fires, the 2nd is full of assassins with loaded guns, and the 3rd is full of lions that haven't eaten in 3 years which room is sagest for him?
2. A women shoots her husband. Then she holds him under water for over 5 minutes. Finally, she hangs him. But 5 minutes later they both go out together and enjoy a wonderful dinner together. How can this be?
3. Can you name 3 consecutive days without using the words Monday, Tuesday, Wednesday, Thursday, Friday, Saturday or Sunday and numbers?
4. You are participating in a race. You overtake the second person. What position are you now in?
5. A beggar's brother died, But the man who died had no brother. How could this be possible?
6. What is the reason that it is considered illegal to bury a man living in North America in South America?
7. Two mothers and two daughters went out to eat, everyone ate one burger, yet only 3 burgers were eaten in all. How is this possible?
8. What never asks questions but is often answered?
9. What is black when you buy it, red when you use it and gray when you throw it away?
10. If an electric train is going east at 60 miles an hour and there a strong westerly wind, which way does the smoke from the train, pass?

## ***ANSWERS***

1. The third. Lions that haven't eaten in 3 years are dead.

2. The woman was a photographer. She shot a picture of her husband, developed it and hung it up to dry.
3. Sure you can : Yesterday, Today and Tomorrow
4. If you overtake the second person, you take his place, so you are second.
5. The beggar was a female.
6. It is illegal to bury a man alive, when he is living.
7. They were a grand mother, mother and daughter.
8. A doorbell.
9. Charcoal
10. There is no smoke coming from electric trains.

**Femi Varghese (2014-2017)**

**Secretary presenting the annual report**



# ബുദ്ധൻ നടന്ന വഴികളിലൂടെ

ഞങ്ങൾ നടന്നു. അതേ - ശ്രീബുദ്ധൻ പലവട്ടം നടന്ന വഴികളിലൂടെ, സ്ഥലങ്ങളിലൂടെ. ഏറെക്കാലം മനസ്സിലിട്ട് താലോലിച്ച് ഒരു യാത്രയായിരുന്നു ഇത്. ഞങ്ങൾ എന്നുവെച്ചാൽ അദ്ധ്യാപികമാരും, മുൻ അദ്ധ്യാപികമാരും ചരിത്ര തല്പരരുമായ ഒമ്പത് സ്ത്രീകൾ മാത്രം. 2017 മാർച്ച് 23 മുതൽ 30 വരെയായിരുന്നു ഈ യാത്ര. തീയതി നിശ്ചയിക്കുന്നതിന് എത്രയോ മുമ്പ് തന്നെ സ്വപ്നങ്ങളും പ്രതീക്ഷകളും വിമാനമേറിയിരുന്നു, ഒപ്പം ആശങ്കകളും. യാത്രകൾ എപ്പോഴും ഒരുപാട് അനുഭവങ്ങളും ഉൾക്കാഴ്ചകളും നമ്മിൽ അവശേഷിപ്പിക്കുന്നു. ബുദ്ധി, മനസ്സ്, വിചാരവികാരങ്ങൾ എന്നിവയെ ഉത്തേജിപ്പിക്കുന്നു. ഓരോ യാത്രയും കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ അതുവരെ കണ്ടതും അനുഭവിച്ചതുമെല്ലാം മഞ്ഞുമലയുടെ ഒരറ്റം മാത്രമല്ലെ, ഇനിയും എത്രയേറെ ബാക്കി കിടക്കുന്നു എന്നാവും ചിന്ത.

ഒരു ട്രാവൽ ഏജൻസി വഴി യാത്രയും താമസവും ഒരുക്കിയിരുന്നു. ഉത്തർപ്രദേശിന്റെ തെക്ക് ഭാഗവും ബീഹാറിൻറെ മുക്കാൽ ഭാഗവും മാത്രമെ യാത്രാ പരിധിക്കകത്തുള്ളൂ. കൊച്ചി, ഡൽഹി വഴി ലഖ്നൌവിലെ വിമാനത്താവളത്തിലെത്തി. അവിടെ ഒരു വാഹനം ഞങ്ങൾക്കായി കാത്തുകിടന്നിരുന്നു. ഉച്ചഭക്ഷണം വഴിയിൽ കഴിച്ച് ഹോട്ടൽ 'ബുദ്ധ റെസിഡൻസിയി'ൽ എത്തി. അവിടെയാണ് അടുത്ത രണ്ടു രാത്രികളിലെ താമസം. പിറ്റേന്ന് രാവിലെയാണ് ലഖ്നൌ നഗരകാഴ്ച എന്ന്

ഡ്രൈവർ പറഞ്ഞു. ഇന്ന് ബാക്കി സമയം യാത്രാക്ഷീണം തീർക്കാനാണത്രെ. ഏതായാലും ഡ്രൈവർ ഒരു മിടുക്കൻ യുവാവ്. കണ്ടതേ ആശ്വാസമായി. ഇംഗ്ലീഷ് മനസ്സിലാകുന്നുണ്ട്. ഞങ്ങൾക്ക് ഹിന്ദിയും ഒരുവിധം നന്നായി കൈകാര്യം ചെയ്യാം. വണ്ടി ഒരു പുതിയ 'ട്രാവലർ'. രാവിലെ കാണാമെന്ന് പറഞ്ഞ് ഡ്രൈവർ വണ്ടിയും കൊണ്ട് സ്ഥലം വിട്ടു. ഞങ്ങൾ സ്വന്തം നിലയ്ക്ക് ഒന്ന് കറങ്ങാമെന്ന് കരുതി. തരപ്പെട്ടാൽ ചെറിയ ഷോപ്പിംഗും നടത്താമെന്നുണ്ട്. ഏതായാലും ലഖ്നൌവിൽ വന്നിട്ട് ഇവിടുത്തെ പ്രശസ്തമായ 'ചിക്കൻ' തയ്യലുള്ള സാരി വാങ്ങാതെ എങ്ങനെ പോകും? ഞങ്ങൾ പെണ്ണുങ്ങളല്ലെ? എട്ടും പത്തും പേരെവരെ കൊണ്ടുപോകുന്ന ഓട്ടോറിക്ഷകൾ തലങ്ങും, വിലങ്ങും ഓടുന്നുമുണ്ട്. ഷോപ്പിംഗ് ഗംഭീരമായി നടന്നു. ലഖ്നൌ ഒരു വലിയ നഗരം തന്നെ. അവിടെ പഴമയും, പുതുമയും കൈകോർത്തുപോകുന്നു. ധാരാളം ചരിത്രസ്മാരകങ്ങളുമുണ്ട്. കുറേയൊക്കെ കണ്ടു. വാരാണസി എന്ന കാശി യു.പി. യിൽ തന്നെ. ഇതാണ് മോദിയുടെ സ്വന്തം തട്ടകം. ഇവിടം അത്ര 'സ്വച്ഛ'മായി തോന്നിയില്ല. ഈസ്ഥലങ്ങളെപ്പറ്റിയൊന്നും ലേഖനത്തിൽ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. തല്ക്കാലം ബുദ്ധനുമായി ബന്ധപ്പെട്ട സ്ഥലങ്ങളെപ്പറ്റി മാത്രമെ പറയുന്നുള്ളൂ.

യു.പി.യിലെ സാരനാഥ് എന്ന സ്ഥലം ലഖ്നൌവിൽ നിന്ന് വാരാണസിയിലേക്കുള്ള വഴിയിലാണ്. ബുദ്ധന്റെ ജീവിതത്തിലെ ഒരു സുപ്രധാനഘട്ടം ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. ബോധോദയത്തിനുശേഷം ആഴ്ചകൾ കഴിഞ്ഞ് സാരനാഥിൽ വെച്ചാണ് ബുദ്ധൻ ആദ്യ പ്രഭാഷണം നടത്തിയത്. അക്കാലത്തെ വലിയ നഗരങ്ങളും

വിദ്യാകേന്ദ്രങ്ങളും മറ്റും ഉപേക്ഷിച്ച് താരതമ്യേന ചെറിയ പട്ടണമായ സാരാനാഥിനെ തെരഞ്ഞെടുത്തതിന് എന്താവാം കാരണം? മഹാന്മാർ എന്ത് ചിന്തിക്കുന്നു എന്ന് ആർക്കറിയാം!

ബുദ്ധൻ തന്റെ ജീവിതത്തിന്റെ മുക്കാൽ ഭാഗവും ചെലവഴിച്ചത് ഉത്തർപ്രദേശും ബീഹാറും ഉൾപ്പെടുന്ന ഗംഗാസമതലത്തിലായിരുന്നു. ജന്മസ്ഥലമായ 'ലുംബിനി' നേപ്പാളിന്റെ തെക്കെ അതിർത്തിക്കടുത്താണ്. ജന്മഭൂമിയാവാൻ ഭാഗ്യം ലഭിച്ചില്ലെങ്കിലും സിദ്ധാർത്ഥനെന്ന ഗൌതമൻ ബുദ്ധനായതും പ്രബോധനങ്ങളും ശാന്തി മന്ത്രങ്ങളുംകൊണ്ട് അനുഗ്രഹിച്ചതും ഈ ഭാരതഭൂമിയെയാണ്. നിർവ്വാണമടഞ്ഞ 'കുശിനഗരവും' ഭാരതത്തിലെ ഉത്തരപ്രദേശിൽ തന്നെ. 'വിഹാര'ങ്ങളുടെ നാടായതുകൊണ്ട് പഴയ മഗധ രാജ്യത്തിൻറെ ഭാഗമായിരുന്ന ഒരു വിഭാഗം 'ബീഹാർ' എന്നറിയപ്പെട്ടു. വിഹാരങ്ങൾ ബുദ്ധസന്യാസിമാരുടെ വാസസ്ഥലങ്ങളാണ്. ഇന്ന് ഇന്ത്യയിലെ ഏത് ബുദ്ധമത തീർത്ഥാടനകേന്ദ്രത്തിൽ ചെന്നാലും ഇന്ത്യക്കാരേക്കാൾ വിദേശികളെയാണ് കാണാൻ കഴിയുക; പ്രത്യേകിച്ചും ചൈന, ജപ്പാൻ, തായലാൻഡ്, മ്യാൻമാർ, ശ്രീലങ്ക, ടിബറ്റ് മുതലായ ഏഷ്യൻ രാജ്യക്കാരെ. ചരിത്രത്തിന്റെ ഗതിവിഗതികൾ വിചിത്രം തന്നെ.

നേപ്പാളിലെ കപിലവസ്തു എന്ന നാട്ടുരാജ്യത്തിലെ രാജകുമാരനായ സിദ്ധാർത്ഥ ഗൌതമൻ ജീവിതത്തിലെ സമസ്യകൾക്ക് പരിഹാരംതേടി, ജ്ഞാനംതേടി, ശാന്തിതേടി ആറേഴ് കൊല്ലം അലഞ്ഞു തിരിഞ്ഞു. ഫലമൊന്നുമുണ്ടായില്ല. ഒടുവിൽ തെക്കൻ ബീഹാറിലെ ഗയയിലെ 'ഉരുവേല' എന്ന ചെറിയ ഗ്രാമത്തിൽ ഒരു അരയാൽ വൃക്ഷച്ചുവട്ടിലിരുന്ന് ധ്യാനിക്കാൻ തുടങ്ങി. നാൽപത് ദിവസങ്ങളോളം നീണ്ട

കഠിന തപസ്സിനുശേഷം ബോധോദയം ഉണ്ടായി. ആ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ പരിസരത്തിലെങ്ങും ആരുമുണ്ടായിരുന്നില്ല. അതുകൊണ്ട് ബുദ്ധൻ വലതുകൈകൊണ്ട് ഭൂമിയെ സ്പർശിച്ചു ഭൂമിയെത്തന്നെ സാക്ഷിയാക്കി. അതിനുശേഷം ഈ സ്ഥലം 'ബോധ്ഗയ' എന്നറിയപ്പെട്ടു. പിന്നീട് അശോക ചക്രവർത്തിയുടെ കാലത്താണ് അവിടെ ഒരു നല്ല വിഹാരവും ചൈത്യവും മറ്റും പണിതത്. ഇപ്പോൾ അവിടെയുള്ള 'മഹാബോധിമഹാവിഹാര'ത്തിലെ മുഖ്യപ്രതിഷ്ഠ പത്മാസനത്തിലിരുന്ന് വലതുകൈകൊണ്ട് ഭൂമിയെ തൊടുന്ന രൂപത്തിലുള്ളതാണ്. തുടർന്നുള്ള ഏഴ് ആഴ്ചകൾ ബുദ്ധൻ ആ സ്ഥലത്തുതന്നെ ചിന്തിച്ചും, ധ്യാനിച്ചും കഴിച്ചുകൂട്ടി. പിന്നീടാണ് സാരനാഥിലേക്ക് പോയത് എന്ന് ചില രേഖകൾ സൂചിപ്പിക്കുന്നു. ഇതിനകം മുൻപ് സഹചാരികളായിരുന്ന അഞ്ചുശിഷ്യന്മാരും കൂടെ എത്തി.

സാരനാഥ് ഋഷിമാരുടെ ഒരു കേന്ദ്രമായിരുന്നുവെന്ന് പുരാണങ്ങളിൽ പറയുന്നു. 'സാർനാഥ്' എന്ന വാക്കിൻറെ അർത്ഥം 'മാനുകളുടെ നാഥൻ' എന്നാണ്. ബുദ്ധന്റെ മുജ്ജന്മകഥകളുമായി ഈ സ്ഥലം ബന്ധപ്പെട്ടുകിടക്കുന്നു. എന്തായാലും മാനുകളെ സംരക്ഷിക്കാനായി ഒരു പാർക്ക് ഇപ്പോഴും അവിടെ ഉണ്ട്. അശോകൻ ബിസി 3-ാം നൂറ്റാണ്ടിൽ പണിയിപ്പിച്ച "ധമക്ക് സ്തൂപ"മാണ് ഇവിടത്തെ പ്രധാന ആകർഷണം. ബുദ്ധന്റെ ആദ്യ പ്രഭാഷണം നടന്നത് ഇവിടെയാണ്. ഒരു കൂറ്റൻ ചെങ്കൽപ്പാറയിൽ വൃത്താകൃതിയിലുള്ള അടിസ്ഥാനത്തിൽ സിലിണ്ടർപോലെ ഉയർന്നു നില്ക്കുന്ന ഒരു സ്തൂപമാണിത്. 28 മീറ്റർ വ്യാസവും 31 മീറ്റർ ഉയരവും ഉണ്ട്. ഇരുണ്ട ചുവപ്പു നിറത്തിൽ കാണുന്നു. അടുത്തുതന്നെ നമ്മുടെ ദേശീയചിഹ്നമായ സിംഹരൂപങ്ങൾ കൊത്തിവെച്ച

അശോകസ്തംഭവും ഉണ്ടായിരുന്നു. അതിവിശാലമായ ഒരു വിഹാരത്തിന്റെ ധാരാളം അവശിഷ്ടങ്ങൾ അവിടെ കാണാം. എല്ലാം (ASI) – ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഭംഗിയായി സൂക്ഷിച്ചിരിക്കുന്നു. ബുദ്ധന്റെ അവശിഷ്ടങ്ങൾ സൂക്ഷിച്ചിട്ടുള്ള മഹാബോധിവിഹാരവും ബോധ്ഗയയിലെ അരയാൽവൃക്ഷത്തിൽ നിന്നുണ്ടായ അരയാലും അവിടെയുണ്ട്. അടുത്തുതന്നെയുള്ള മ്യൂസിയത്തിൽ, ഖനനത്തിൽ കിട്ടിയ മൌര്യ-കുശാന-ഗുപ്ത കാലഘട്ടങ്ങളിലെ ചരിത്രാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. ധാരാളം സന്ദർശകരും തീർത്ഥാടകരും ഉണ്ട്. അധികവും വിദേശികൾ. ഹോങ്ങ്കോംഗിൽ നിന്നുവന്ന ഗ്രൂപ്പിലെ യുവതിയും സുന്ദരിയുമായ ഒരു ഭിക്ഷുണിക്ക് ഞങ്ങളുടെ കൂടെ ഒരു ഫോട്ടോ എടുക്കാൻ മോഹം! മോഹം ഞങ്ങൾ സാധിപ്പിച്ചുകൊടുത്തു. ഇരുട്ട് വീണു തുടങ്ങിയതുകൊണ്ട് ഹോട്ടലിലേക്ക് പോയെങ്കിലും പിറ്റേന്ന് വീണ്ടും വന്നു തായ് ബുദ്ധക്ഷേത്രവും അതിനുമുമ്പിലുള്ള തോട്ടത്തിലെ വലിയ ബുദ്ധ പ്രതിമയും അശോകചക്രവും സിംഹസ്തംഭവും മറ്റും കണ്ടു. റോഡിന് എതിർവശത്ത് സ്ഥിതിചെയ്യുന്ന ബുദ്ധമത അഭയാർത്ഥികളുടെ ഒരു സഹകരണസ്ഥാപനവും കണ്ടു. അവിടെയുള്ള ഷോപ്പിംഗ് കേന്ദ്രത്തിൽനിന്ന് കുറേ സാധനങ്ങളും വാങ്ങിയിട്ടാണ് മടങ്ങിയത്.

ഉത്തർപ്രദേശിലെ വാരാണസിയിലെ (കാശി) വിശ്വനാഥക്ഷേത്രവും ദുർഗ്ഗാമന്ദിരവും ഗംഗാനദിയിലെ പ്രസിദ്ധിയേറിയ വിവിധ സ്നാന-ദഹന-ഘട്ടങ്ങളും കണ്ടു. അതിരാവിലെ തന്നെ ഗംഗയിലൂടെ ഒരുമണിക്കൂർ തോണിയാത്രയും നടത്തി. സന്ധ്യാസമയത്തെ ‘ഗംഗാ ആരതി’ എന്ന ചടങ്ങും കണ്ടാസ്വദിച്ചു. അതോടെ ആ ദിവസം അവസാനിച്ചു.

ബീഹാറിലേക്കാണ് ഇനിയത്തെ യാത്ര. അല്പം നീണ്ട യാത്രതന്നെയായിരുന്നു. അതിരാവിലെ പുറപ്പെട്ടെങ്കിലും ഗയയിൽ എത്തിയപ്പോഴേക്കും ഉച്ചതിരിഞ്ഞു. അന്നുതന്നെ ബോധ്ഗയയിലെ ‘മഹാബോധിമഹാവിഹാര’ സമുച്ചയം കാണാൻ പോയി. ബോധോദയ സമയത്തുണ്ടായിരുന്ന അരയാൽ നശിച്ചെങ്കിലും അതിൽനിന്ന് മുളച്ചുവളർന്ന വൃക്ഷത്തെ പൂജ്യമായി കരുതി ആരാധിക്കുന്നു. കാറ്റത്ത് വീഴുന്ന ഇലകൾ കിട്ടാൻ ഭക്തർ കാത്തു നില്ക്കുന്നു. ബോധോദയ സമയത്ത് ഗൌതമൻ ഇരുന്നിരുന്ന ശിലാഫലകം ‘വജ്രാസനം’ എന്ന പേരിൽ അറിയപ്പെടുന്നു. ഇതിനടുത്ത് ആദ്യം പണിതവിഹാരവും ചൈത്യവും പലപ്രാവശ്യം പുതുക്കിപ്പണിതു. അശോകന്റെ കാലത്തു ഒരു നല്ല വിഹാരം പണികഴിപ്പിച്ചിരുന്നു. എല്ലാം കാലാന്തരത്തിൽ നശിച്ച് മണ്ണടിഞ്ഞു. ഇപ്പോഴത്തെ വിഹാരവും മറ്റ് അനുബന്ധ കെട്ടിടങ്ങളും ബ്രിട്ടീഷ് ഭരണാധികാരികളുടെ ശ്രമഫലമായി ഉണ്ടാക്കിയതാണ്. വിഹാരത്തിൻറെ ഗോപുരത്തിന് 180 മീറ്റർ ഉയരമുണ്ട്. കെട്ടിടങ്ങളുടേയും ശില്പങ്ങളുടേയും ഭംഗി എടുത്തുപറയാതെ വയ്യ. അസ്തമയ സൂര്യന്റെ തലോടൽ അതിനെ ഇരട്ടിപ്പിച്ചു. കണ്ണിന് നല്ലൊരു വിരുന്നായി.

മഹാബോധിവിഹാരത്തിനകത്തുള്ള ബുദ്ധപ്രതിമയും അതിസുന്ദരം തന്നെ. പത്മാസനത്തിലിരുന്ന് വലംകൈകൊണ്ട് ഭൂമി തൊടുന്ന രൂപത്തിലാണിത്. പാതിയടഞ്ഞ മിഴികളോടെയുള്ള ആ മുഖത്തുനിന്ന് കണ്ണെടുക്കാൻ തോന്നിയില്ല. കറുപ്പ് ശിലയിൽ പണിത് സ്വർണ്ണം പൊതിഞ്ഞ പ്രതിമയെ ഓറഞ്ച് നിറത്തിലുള്ള പട്ട് ചുറ്റിച്ചിരിക്കുന്നു. ഭക്തർ പൂക്കളും പട്ടും പണവും കാഴ്ചയായി അർപ്പിക്കുന്നു. നീണ്ട ക്യൂ പുറകിലുള്ളതുകൊണ്ട് അധികസമയം നിൽക്കാൻ പറ്റില്ല. അച്ചടക്കമുള്ള

തീർത്ഥാടകരുടെ മുഖങ്ങളിൽ പ്രതിഫലിക്കുന്ന ശ്രദ്ധയും ഭക്തിയും പരിസരശുദ്ധിയും പതിഞ്ഞശബ്ദത്തിലുള്ള പ്രാർത്ഥനകളുമെല്ലാം മറ്റു തീർത്ഥാടനകേന്ദ്രങ്ങളിൽ നിന്നും ഇതിനെ തീർത്തും വ്യത്യസ്തമാക്കുന്നു. എങ്ങുനിന്നോ ഒരു ദിവ്യാനുഭൂതി നമ്മളിലും ഉണരുന്നു. അടുത്തുതന്നെ വേറെയും വിഹാരങ്ങളും, മറ്റു കെട്ടിടങ്ങളുമെല്ലാം ഉണ്ട്. ഒരു വലിയ കുളത്തിന് നടുവിലായി ധ്യാനനിരതനായിരിക്കുന്ന ബുദ്ധന് കുടയായി അനന്തനാഗം പത്തിവിരിച്ച് നിൽക്കുന്ന ഒരു പ്രതിമയും കണ്ടു. ഇങ്ങനെ ഒരു സംഭവം യഥാർത്ഥത്തിൽ ബുദ്ധന്റെ ജീവിതത്തിൽ ഉണ്ടായതാണെന്ന് പറഞ്ഞുകേട്ടു.

ബ്രിട്ടീഷ് ഇന്ത്യയിലെ പുരാവസ്തുപണ്ഡിതനായ കണ്ണിംഗ്ഹാം ആണ് ഈ വിഹാരത്തിൻറേയും സമീപസ്ഥലങ്ങളുടേയുമെല്ലാം പുനരുത്ഥാനത്തിന് കാരണമായത്. നെഹ്റു ഗവൺമെൻറ് ബോധ്ഗയയെ ഒരു അന്തർദേശീയ തീർത്ഥാടനകേന്ദ്രമാക്കി നവീകരിക്കാനുള്ള ശ്രമം തുടങ്ങി. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ASI) ആ ജോലി ഭംഗിയായി ചെയ്തു. 1982ൽ യുനെസ്കോ (UNESCO) ഈ സമുച്ചയത്തെ ലോകപൈതൃക സ്ഥലം (World Heritage site) ആയി പ്രഖ്യാപിച്ചു. ഇന്ന് ബുദ്ധമതവിശ്വാസം നിലവിലുള്ള എല്ലാ ഏഷ്യൻ രാജ്യങ്ങളുടേയും - ചൈന, ജപ്പാൻ, തായലാൻഡ്, ശ്രീലങ്ക, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളുടെ - ഉടമസ്ഥതയിലുള്ള വിഹാരങ്ങളും അതിഥിമന്ദിരങ്ങളും ഇവിടെയുണ്ട്. നാട്ടുകാരെക്കാൾ കൂടുതൽ വിദേശികളെ ഇവിടെ കാണാം. ഇതൊക്കെയാണെങ്കിലും ജന്മഭൂമിയിൽ ഈ മതം വേരറ്റ നിലയിലായെന്ന് തോന്നുന്നു.

‘രാജഗൃഹം’ അഥവാ ഇന്നത്തെ രാജ്ഗിർ ബുദ്ധന് പ്രിയപ്പെട്ട മറ്റൊരു സ്ഥലമായിരുന്നു. അങ്ങോട്ടുള്ള വഴിയിൽ ജൈനമത സ്ഥാപകനായ മഹാവീരന്റെ സമാധിസ്ഥലവും ഞങ്ങൾ കണ്ടു. ‘ജലമന്ദിർ’ എന്നാണ് ഇതറിയപ്പെടുന്നത്. ‘പാപമില്ലാത്ത പട്ടണം’ എന്നർത്ഥം വരുന്ന ‘പാവ്പുരി’യാണ് ഈ സ്ഥലം. പേര് സൂചിപ്പിക്കുന്നതുപോലെ ഒരു തടാകത്തിൻറെ മദ്ധ്യത്തിലാണ് ഈ മന്ദിരം സ്ഥിതി ചെയ്യുന്നത്. അങ്ങോട്ടെത്താൻ 600 അടി നീളമുള്ള പാലമുണ്ട്. ആമ്പലുകളും നീർപക്ഷികളുമുള്ള നീലജലാശയത്തിനു നടുവിലുള്ള വെള്ളമാർബിൾ കെട്ടിടം ചേതോഹരം തന്നെ. ധാരാളം സന്ദർശകരുമുണ്ട്. ഭക്തർ സമാധിസ്ഥലത്തെ മണ്ണ് വാരിക്കൊണ്ടുപോയതുകൊണ്ടാണ് അവിടെ ഒരു കുളം ഉണ്ടായതെന്ന് ഒരു കഥയും കേട്ടു. ഒരു പക്ഷേ സത്യത്തിൻറെ ഒരംശം അതിലുണ്ടായിരിക്കാം.

ബോധോദയത്തിന് മുമ്പും പിമ്പും വർഷങ്ങളോളം ബുദ്ധൻ ‘രാജഗൃഹ’ത്തിൽ താമസിച്ചിരുന്നു. സുഹൃത്തും ആരാധകനുമായ ബിംബിസാര രാജാവിന്റെ മഗധ രാജ്യത്തിന്റെ തലസ്ഥാനം ഇതായിരുന്നു. അഞ്ചുകുന്നുകൾ കാവൽ നില്ക്കുന്ന നഗരമാണിത്. അതിൽ പ്രധാന കുന്നായ ‘ഗൃദ്ധ്രകൂട’ത്തിൽവെച്ചാണ് ബുദ്ധൻ പ്രധാനപ്പെട്ട ചില തത്വങ്ങൾ ശിഷ്യന്മാർക്ക് ഉപദേശിച്ചുകൊടുത്തത്. മലകളിലുള്ള ഗുഹകളിൽ പണ്ട് ധാരാളം സന്യാസിമാർ പാർത്തിരുന്നു. ഇത് ജൈനരുടേയും തീർത്ഥാടന കേന്ദ്രമാണ്. ബിംബിസാര രാജാവ് തന്റെ പൂന്തോട്ടം ബുദ്ധന് സമർപ്പിച്ചു. അതാണ് ‘വേണുവനം’ എന്ന് വിളിക്കുന്ന സ്ഥലം. വേണു എന്ന പദം അന്വർത്ഥമാക്കുന്ന വിധം മുളങ്കാടുകൾ നിറഞ്ഞ സ്ഥലമാണിത്. ഒരു വിഹാരവും വലിയ കുളവും അടുത്തുണ്ട്. പച്ചപ്പും കുളിർമയും ജലാശയ സാന്നിദ്ധ്യവുമുള്ള ഈ സ്ഥലം ഏകാന്ത ധ്യാനത്തിനും മനനത്തിനും പറ്റിയതുതന്നെ. 1970ൽ ഗൃദ്ധ്രകൂടത്തിന്റെ

ഭാഗമായ രത്നഗിരികുന്നിൻമുകളിൽ ജപ്പാനിലെ ബുദ്ധമതാനുയായികൾ ഒരു 'വിശ്വശാന്തി സ്തൂപം' നിർമ്മിച്ചിട്ടുണ്ട്. അവിടേക്ക് നടന്നോ റോപവേയിലൂടെയോ എത്താം. ഞങ്ങൾ ക്യൂ നിന്ന് ടിക്കറ്റെടുത്ത് റോപവേയിൽ കൂടിപോയി. ഏഴര മിനിറ്റുകൊണ്ട് രണ്ടായിരത്തി ഇരുന്നൂറ് അടി ദൂരം താണ്ടി സ്തൂപത്തിന് അടുത്തെത്തി. 129 അടി ഉയരമുള്ള വെള്ള മാർബിൾ സ്തൂപത്തിന്റെ നാലുമൂലകളിലും സ്വർണ്ണനിറത്തിലുള്ള ബുദ്ധവിഗ്രഹങ്ങൾ ഉണ്ട്. ഇവ നാലും ബുദ്ധന്റെ ജീവിതത്തിലെ നാല് പ്രധാന ഘട്ടങ്ങളായ ജനനം-ബോധോദയം-പ്രബോധനം-നിർവ്വാണം എന്നിവയെയാണ് സൂചിപ്പിക്കുന്നത്.

ഞങ്ങൾ കണ്ട മറ്റൊരു പ്രധാനസ്ഥലം നളന്ദയാണ്. അവിടേക്ക് എത്തുന്നതിന് മുമ്പായി, ചൈനക്കാരനായ സഞ്ചാരി ഹ്യുാങ്സ്യാങിന്റെ സ്മാരകമന്ദിരം കണ്ടു. ബുദ്ധമത പണ്ഡിതനും തീർത്ഥാടകനുമായ ഇദ്ദേഹം എ.ഡി. ഏഴാം നൂറ്റാണ്ടിലാണ് ഇന്ത്യയിലെത്തിയത്. നളന്ദയിലെ വിശ്വവിദ്യാലയത്തിൽ വിദ്യാർത്ഥിയും അദ്ധ്യാപകനുമായി 12 വർഷങ്ങൾ ചെലവഴിച്ച ഈ പണ്ഡിതൻറെ ഗ്രന്ഥങ്ങളിൽ നിന്നാണ് ബുദ്ധമതത്തേയും ആ കാലഘട്ടത്തേയും പറ്റി വിലപിടിച്ച പല വിവരങ്ങളും നമുക്ക് ലഭിക്കുന്നത്. ചൈനീസ് വസ്തു ശില്പരീതിയിൽ പണിതിരിക്കുന്ന ഈ കെട്ടിടത്തിന് മുമ്പിൽ തന്നെ ഹ്യുാങ്സ്യാങിന്റെ ഒരു പ്രതിമയുണ്ട്. അകത്തെ വലിയ ഹാളിന്റെ ചുവരുകൾ നിറയെ ഇദ്ദേഹത്തിൻറെ യാത്രയുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രധാനഘട്ടങ്ങൾ ഭൂപടങ്ങൾ സഹിതം അതിമനോഹരമായി ആലേഖനം ചെയ്തിരിക്കുന്നു.

പുരാതന ഭാരതത്തിലെ മികവിന്റെ കേന്ദ്രമായ വിശ്വവിദ്യാലയം സ്ഥിതി ചെയ്തിരുന്നത് നളന്ദയിലായിരുന്നു. പണ്ടുതന്നെ പണ്ഡിതന്മാരുടെ കേന്ദ്രമായിരുന്ന ഈ സ്ഥലം ബുദ്ധൻ പലവട്ടം

സന്ദർശിച്ചിട്ടുണ്ട്. എ.ഡി. അഞ്ച്-പന്ത്രണ്ട് നൂറ്റാണ്ടുകൾക്കിടയിലാണ് നളന്ദ യൂണിവേഴ്സിറ്റിയുടെ സുവർണ്ണകാലം. 12-ാം നൂറ്റാണ്ടിൽ ബുക്തിയാർ ഖിൽജിയുടെ ആക്രമണകാലത്ത് ഈ വിശ്വവിദ്യാലയം തീയിട്ട് നശിപ്പിച്ചു. മാസങ്ങളോളം കത്തിയ ശേഷമുള്ള കരിപിടിച്ച കെട്ടിടഭാഗങ്ങൾ ഇന്നും കാണാവുന്നതാണ്.

ലോകത്തിന്റെ പലഭാഗത്തുനിന്നും, പ്രത്യേകിച്ച് പേർഷ്യ മുതൽ ജപ്പാൻവരെയും ദക്ഷിണപൂർവ്വ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള വിജ്ഞാനദാഹികൾ തത്വചിന്ത, കല, സംസ്കാരം, ജ്യോതിശാസ്ത്രം, വൈദ്യം തുടങ്ങിയ വിഷയങ്ങളിൽ ഉപരിപഠനത്തിനായി നളന്ദയിലെത്തി. ഒരു കാലത്ത് 10000 വിദ്യാർത്ഥികളും 2000 അദ്ധ്യാപകരും ഈ വിശ്വവിദ്യാലയത്തിലുണ്ടായിരുന്നുവത്രെ. പ്രവേശനപരീക്ഷയിൽ മികവ് നേടിയവർക്കേ പ്രവേശനം ലഭിക്കൂ. പിന്നെ പഠനവും താമസവുമെല്ലാം സൌജന്യമായിരുന്നു. അക്കാലത്തെ ഉദാരമനസ്ക്കരായ രാജാക്കന്മാരും മറ്റും ദാനമായി നൽകിയ ഗ്രാമങ്ങളിൽ നിന്നുള്ള വരുമാനംകൊണ്ടാണ് ചെലവുകൾ നടത്തിയിരുന്നത്. 9 നിലകൾ വരെയുള്ള ഗ്രന്ഥാലയങ്ങൾ, ചർച്ച-പ്രഭാഷണ വേദികൾ, സമ്മേളന സ്ഥലങ്ങൾ, വിഹാരങ്ങൾ, താമസ സ്ഥലങ്ങൾ എന്നിങ്ങനെ എണ്ണിയാൽ തീരാത്ത കെട്ടിട സമുച്ചയമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഏകദേശം എട്ട് മൈൽ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളതിൽ വെറും 14 ഹെക്ടർ സ്ഥലം മാത്രമെ ഖനനവിധേയമാക്കിയിട്ടുള്ളൂ. ഹരിത പശ്ചാത്തലത്തിൽ ഇഷ്ടികച്ചുവപ്പുള്ള കെട്ടിടാവശിഷ്ടങ്ങൾ വർണ്ണാഭമായ ഒരു പെയിൻറിങ്ങ്പോലെ തോന്നിച്ചു. ചുറ്റിനടന്നുകാണാൻ ധാരാളമുണ്ടെങ്കിലും നമ്മുടെ

പരിമിതികളും കണക്കിലെടുക്കണമല്ലോ. നട്ടുച്ചയിലെ പൊള്ളുന്നവെയിൽ ക്ഷീണവും വിശപ്പും, വിവരവും നല്ല ഇംഗ്ലീഷ് പരിജ്ഞാനവുമുള്ള ഗൈഡിന്റെ അഭാവം തുടങ്ങിയ കാരണങ്ങൾകൊണ്ട് ഒരു ദിവസമെങ്കിലും സമയമെടുത്തുകൊണ്ട് കാണേണ്ട കാഴ്ചകൾ ഒന്നു രണ്ടുമണിക്കൂറിൽ ഒതുക്കേണ്ടിവന്നു. ഭക്ഷണശേഷം റോഡിന്റെ എതിർവശത്തു തന്നെയുള്ള ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ (ASI) മ്യൂസിയം കണ്ടു. അവിടെ ഈ പ്രദേശത്ത്നിന്ന് ഖനനം ചെയ്തെടുത്ത അവശിഷ്ടങ്ങളിൽ പലതും പ്രദർശിപ്പിച്ചിട്ടുണ്ട്. മൌര്യ-കുശാന-വർദ്ധന-പാല തുടങ്ങിയ രാജവംശങ്ങളുടെ കാലത്തെ ചില ചരിത്രാവശിഷ്ടങ്ങൾക്കൊപ്പം കരിഞ്ഞ് കറുപ്പും വെളുപ്പും നിറത്തിലുള്ള അരിമണികളും ഉണ്ടായിരുന്നു. നളന്ദ വിശ്വവിദ്യാലയത്തിലെ മഹാപണ്ഡിതന്മാരായ അദ്ധ്യാപകരുടെ പ്രഭാഷണവേദി എന്ന് ഗൈഡ് പറഞ്ഞ ഒരു ഉയർന്ന മൺതട്ടിൽ കയറിനിന്ന് ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ ഞങ്ങൾ മറന്നില്ല; അദ്ധ്യാപകപരമ്പര എന്ന മഹാമേരുവിന്റെ ചുവട്ടിൽ കിടക്കുന്ന മൺതിരകളല്ലേ ഞങ്ങളും!

ഞങ്ങളുടെ ഈ യാത്രയുടേയും അവസാനമെത്തി. ഗയയിൽനിന്ന് ഡൽഹിവരെയും അവിടെനിന്ന് നെടുമ്പാശ്ശേരിയിലേക്കും എത്തി. തിരിച്ചുവരുംവഴി അടുത്തയാത്ര എവിടേക്ക് എന്ന വിഷയം ചർച്ചചെയ്തെങ്കിലും അഭിപ്രായ ഐക്യം ഉണ്ടായില്ല; എങ്കിലും യാത്രകൾ തുടരണം എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലായിരുന്നു.

**പ്രൊഫ.കാതറിൻ ജമ്മ (1968)**

## HOLIDAYS

There is not much need of proving to most school children that holidays are necessary. They are quite convinced that they are-and most desirable too. They welcome a holiday from school with hilarious joy, and plague the teachers on the least excise to let them off their lessons. It would be better to try and convince them of the necessity of work and study. Yet, it may be desirable to show that regular intervals of rest, recreation, or a change of occupation are really necessary. As the old rhyme says,

"All work and no play,
Makes Jack a dull boy."

Holidays at proper intervals are especially necessary for young people, and for those engaged in hard mental work; for continuous work, without a break, will injure the health, and may cause a nervous break-down. A short holiday, rightly used, will send us back to our work with renewed zest and vigour. How can holidays be best used, so that the end of it, we shall come back to work or studies with renewed energies and keener interests? If we are students, or have been shut up in stuffy offices, we should get away into the pure air and avoid unhealthy amusement, keep early hours and get plenty of refreshing sleep. We could probably get away into the country, and live a healthy, open air life, enjoying games or sports. We should never be idle. Change of occupation, is in itself, a kind of rest. If we have a little regular work to do, work that we take interest in, it will make our holidays a lot more healthier, and more enjoyable.

**Nivedya Mohan (2014-2017)**

**KHICHDI (RICE)**

1. Soak ½ Kg of white rice for 10 to 15 minutes in water. Place the pressure cooker in low flame. Fry ½ tsp of Jeera, ½ tsp crushed pepper, 100gms of moong dal in 2 to 3 tsp of ghee or in butter for 2 minutes. Add soaked rice and fry again for a while. Mix ½ tsp of turmeric powder & salt to taste. Cover the lid & cook for 10 to 12 minutes (3 whistles). Serve hot.

**BEET-ROOT SALAD**

2. Grate 3 raw beetroots. Add 2 small onions (cut into pieces), 2 green-chilies, coriander leaves, 2 tb.spoon of lime-juice & salt as you need. Mix & serve.

**Mrs. Santha Rajagopal (1975-77)**

പാപ്പിലിയോയുടെ കാലൊപ്പുകൾ

ആ പാതയോരങ്ങളും അവിടുത്തെ
നനഞ്ഞ മണൽപ്പടവുകളും,
പാപ്പിലിയോയുടെ കാലൊപ്പുകളെ
നെഞ്ചോടണയ്ക്കുമ്പോഴും
അവിടെയെന്നോ ആരോ മറന്നിട്ടുപോയ

താക്കോൽക്കൂട്ടം നിലവിളിയ്ക്കുന്നുണ്ട്

ചില്ലും തവിടും തലങ്ങും വിലങ്ങും തിരഞ്ഞിട്ടും

ഏതു ചിറകുകളെ കൂട്ടിലടച്ചു ചിരിക്കാനുള്ള

മുറവിളിയാണതെന്നറിയുന്നില്ലാ

പാപ്പിലിയോ.................

എന്റെ പ്രിയ പാപ്പിലിയോ.............

കയ്യിലൊതുങ്ങിയ മഴത്തുള്ളിയല്ല നീയെന്നറിയുക

ഞെട്ടറ്റും പൊഴിയും മുമ്പേ

പറിച്ചെടുക്കപ്പെട്ട ഇലച്ചാർത്തുമല്ല

കഴിഞ്ഞ കാലത്തിന്റെ ചാരങ്ങളെ

നിനക്കു വളരാൻ വളമായ് മാറ്റിയ

ഉയരങ്ങളുടെ ചങ്ങാതി........

പറന്നേറുക പാരിൽ നീ

ഈ പഥങ്ങളെ കാലൊപ്പിനാൽ

പുണരുക..............

**അഞ്ജന പി.എ (2011-2014)**

**<u>Reverie release by Smt. Vijayam Radhakrishnan (1956-63)</u>**



**The Salty Plea**

"Tired of being weird
Enough tired of these tedious tides,
Hosted some last souls
So you called me 'The suicide Bowl'.

Scarred of this settling sun
And scared of that melting moon,
Needy for my last rites
Not greedy for those past nights

Wanna revive as a river
Never to retire as night mare,
Hungry to have some PEACE
And thirsty to get sink in PEACE

Hungry to have some PEACE
And thirsty to get sink in PEACE
Enquired it everywhere
Only to conquer some good in life"

Waving the mind sea
While bushing for a shore of peace,
Weeping the mind waves
When bowing for it's salty plea……………

**Neenu Neelakantan (2011-2014)**

**തിരോധാനം**

ആണ്ടുകൾ കൊണ്ടൊരാൽമരം
നിലയുറപ്പിച്ചിരുന്നു ഈ മണ്ണിൽ
ഇന്നൊരുനാളിതാ വലിയൊരു
മണ്ണുമാന്തിയതിൻ വേരും പിഴുതെടുത്തു.
പച്ചവിരിച്ചൊരു പാടമോ
ചോരചിന്തിക്കിടക്കുന്നു.
കാവലായുള്ളൊരു കാവൽമാടത്തിൻ
ശേഷിപ്പുപോലുമില്ല

പിന്നാമ്പുറത്തെ തൊടിയിൽ
തുമ്പുപോലുമില്ലാതെ തുമ്പ
തൊട്ടുരുമ്മി നടക്കുവാൻ
തൊട്ടാർവാടിയുടെ തിരനോട്ടമില്ല.
മാമ്പൂ പൂത്ത ചില്ലയിൽ
കവണക്കൈതൻ കല്ലേറുമില്ല.
കാൺമാനില്ല കണ്ടതൊന്നുമെ, കേട്ടതൊന്നുമേ
അറിയില്ല ആരാണീ
തിരോധാനത്തിനു പിന്നിൽ
നായൊ, നരിയൊ, അതോ നരനോ...?

**അശ്വതി.കെ.ജയരാമൻ (2014-2017)**

**Congratulations to the Reverie Cover page designer Ruksana Sharing P (II MSc Microbiology)**

<u>കെടാവിളക്ക്</u>

വർഷങ്ങളായി ക്ഷയിച്ചുകിടക്കുന്ന
എന്നിലെ ക്ഷേത്രത്തിൻ കെടാവിളക്കിൽ നീ
ഇന്ന് എന്തിനോ തിരികൊളുത്തി
എണ്ണവറ്റികിടന്നിരുന്ന കൽവിളക്കുകളിലാകെ

ഇന്ന് വെളിച്ചം പരന്നു
എന്നിലെ ദേവിക്കായി നീ ഇന്ന് നിവേദ്യവും നേദിച്ചു,
ആ തേജസ്സ് നിന്നിൽ പ്രസാദിച്ചു.
നാളെയുടെ ലോകത്തിലേക്ക് നീ ചേക്കേറിയപ്പോൾ,
ഈ ക്ഷേത്രവും പ്രതിഷ്ഠയും എല്ലാം നീ മറന്നിരിക്കുന്നു.
എന്നാൽ, നിന്റെ വരവും കാത്ത് നീ കൊളുത്തിയ
കെടാവിളക്കിലെ തിരി സ്വയം എരിഞ്ഞു തീരുന്നു..................

**ക്രിഷ്ണപ്രിയ സി.എസ്. (2014-2017)**

**Treasurer presenting the financial report**



**Demonstration class on Mushroom cultivation by Dr. Deepa James (Alumnae), Teaching Assistant, College of Horticulture, Mannuthy on 06-11-2017**







## NEVER PUT OFF TILL TOMORROW WHAT YOU CAN DO TODAY

"Procrastination" said William Shakespeare, "is the thief of time". In our scriptures also, we are exhorted to do what we are supposed to do immediately without wasting any time. Postponing an action is like defeating its very purpose or delaying or weakening the results that it is supposed to yield. Remember the old saying, "For want of a nail, an empire was lost". It is said that a rider arranging a message during wartime was careless. He knew that a nail had fallen off from his horse's hoof. His immediate task should have been to stop his journey because he thought that a missing nail from the horse's hoof would not make much difference to the speed of the horse. The horse galloped for some time before it stopped on account of pain. Another nail had fallen off. But the rider was still not bothered. He continued the journey. Soon, the horse fell down; it had become lame. It refused to get up and gallop further. The message was not

delivered in time to the general to whom it had been urgently addressed, requisitioning reinforcements on the war front. As a result, the forces lost. A whole empire was lost because the rider would not take immediate action in getting the nail on the horse's hoof fixed before starting off. We should, therefore never postpone our assigned, tasks. The delay or postponement may lead to disastrous results.

This applies especially to the students. They should not postpone their day's studies to the next day or for some other time. By postponing, the work would accumulate to such an extent that the very thought of doing it would frighten them and eventually at the time of the examinations, they would not be adequately prepared. This is the bane of students today. They keep postponing their preparations for the examinations till the last moment. Consequently, their performance leaves much to be desired.

"Never put off till tomorrow what you can do today". If all of us keep this in mind, there would be no delays or hold ups, no bureaucratic red tapism and no hassles in our own or our fellow beings' lives.

**Aswathy K Jayaraman (2014-2017)**

## സ്വതന്ത്രമായി ഒരു രാത്രികിട്ടിയാൽ നിങ്ങൾ എങ്ങനെ ചെലവിടും?

മേടമാസത്തിലെ ചിത്രാ പൌർണ്ണമി നാളിലെ അർദ്ധരാത്രി ജനിച്ചതിനാലാണോ എന്റെ രാക്കനവുകൾക്ക് നിലാവിന്റെ നിറം, കൊയ്തൊഴിഞ്ഞ പാടങ്ങൾ കാത്തിരിക്കുന്ന പൂരത്തിൻ പ്രഭ, പഞ്ചവാദ്യത്തിൻ മുഴക്കം, കരിമരുന്നിൻ ഗന്ധം.......

ഒരു പെൺകുട്ടി ആയതിന്റെ പരിമിതികളിൽ ഞാനാദ്യം അറിഞ്ഞത് 'രാത്രികളിലേക്കുള്ള വിലക്കുകൾ' തന്നെയാണ്. ഇരുട്ടും മുന്നേ കൂടണയണം, അസമയത്ത് പുറത്തിറങ്ങരുത്. ഇങ്ങനെ അരുതുകളുടെ ലോകത്തും ഞാൻ രാത്രിയുടെ വശ്യത അനുഭവിക്കാൻ, ആസ്വദിക്കാൻ, ശ്രമിച്ചിരുന്നു. മുല്ലമൊട്ടിൻ മണമുള്ള, പാലപൂക്കുന്നത് അറിയാനാവുന്ന, നിശീഥിനികൾ ധനുമാസരാവിൻ മഞ്ഞിൽ അലിയാനാവുന്ന, കരോളിൻ സംഗീതത്തിൽ ലയിക്കാനാവുന്ന രജനികൾ.... ഒരുപാട് കൊതിച്ച ഒട്ടേറെ കാര്യങ്ങൾ അറിയാനുണ്ട്, അനുഭവിക്കാനുണ്ട്, ആസ്വദിക്കാനുണ്ട് ഇനിയും എനിക്ക്....... വായനയുടെ രാത്രിയാമങ്ങൾ മാത്രം സ്വന്തമായ ഞാൻ ഭാവനയിൽ കണ്ട തുറന്ന രാത്രി.....വിഷാദ മൌനത്തിന്റെ ശീലുകൾ മീട്ടുന്ന കറുപ്പ് മാത്രമല്ല രാത്രി എന്നറിയുമ്പോഴുള്ള സുഖം......അനുഭവങ്ങളുടെ വിശാല ഭൂമികൾ സമ്മാനിക്കുന്ന ഒരു രാത്രി എനിക്കായ് തുറന്നു തന്നാൽ എത്ര മനോഹരമായിരിക്കും ആ അനുഭവം.

അറബിക്കഥയിലെ ആയിരത്തൊന്നു രാവൊന്നും വേണ്ട, ഒരേ ഒരു രാത്രി മാത്രം മതി...അരുതുകളില്ലാത്ത, അതിരുകളില്ലാത്ത ഒരേ ഒരു രാത്രി മതി എനിക്ക് നവരസങ്ങളുടെ ഭാവതീവ്രതകൾ സമ്മാനിക്കാൻ.

പൂരത്തിന്റെ നാട്ടുകാരിയായതിനാലാവും പെൺ ഉടലുകൾക്ക് അപ്രാപ്യമായ തൃശ്ശൂർ പൂരത്തിലെ രാത്രി എഴുന്നള്ളിപ്പിന്റെ പ്രഭാവലയത്തിൽ അലിയാൻ എനിക്കേറെ

മോഹം. കുഞ്ഞുനാളിൽ അച്ഛനൊപ്പം ഒരു കെട്ടിടത്തിന്റെ മുകളിൽ ഇരുന്നപ്പോൾ തുടങ്ങിയ മോഹമാണ് രാത്രിയിൽ ഇടമുറിയാതെ ഒഴുകുന്ന ആ പുരുഷാരത്തിൽ അലിയാൻ. തട്ടലും, മുട്ടലും, തോണ്ടലും, തലോടലും ഇല്ലാതെ, മേളപ്പെരുക്കത്തിലും, ആനച്ചൂരിലും, തീവെട്ടപ്പന്തത്തിൻ എരിവിലും അലിയാൻ.

കൗമാരത്തിൻ ഭ്രമിപ്പിച്ച കാടിനെ അറിയാനുള്ള സഞ്ചാരത്തിലെല്ലാം രാത്രികൾ, സ്ത്രീയാത്രികർക്ക് വിലക്കായിരുന്നു. ഇതാ വീണ്ടും മോഹം ഉദിക്കുന്നു. ഒരു രാത്രി എനിക്കു സ്വന്തമായാൽ, കാടകത്തിന്റെ സൌരഭ്യം നുണഞ്ഞ്, പാറപ്പുറത്ത് കിടന്ന്, നീലനക്ഷത്രങ്ങളോട് സല്ലപിച്ച് നീങ്ങുന്ന നിശീഥിനിയുടെ അന്ത്യയാമങ്ങൾ പ്രണയത്തിന്റെ ഏതുദാത്തഭാവനയേക്കാളും എന്നെ ഭ്രമിപ്പിക്കുന്നു ആ നീലരാത്രി. ചുള്ളിക്കാടിന്റെ ചിദംബരസ്മരണയിൽ രാത്രി ഏകനായ് കടപ്പുറത്ത് ഇരിക്കേണ്ടിവന്നവേളയിൽ, കൂട്ടിനായ് എത്തിയ അപഥസഞ്ചാരിണിയുടെ മടിയിൽ തലചായ്ച്ച അനുഭവം ഓർക്കവേ തോന്നി ഒരു രാത്രി തിരകളെണ്ണി തീരത്തിരിക്കുന്നതിന്റെ സുഖം അവർണ്ണനീയമല്ലേ എന്ന്. എന്നാൽ സ്വന്തം ശരീരത്തിന് വിലപറയാനായി രാത്രിവരെ കാത്തിരിക്കേണ്ടിവരുന്ന പെൺമനങ്ങളെ ഓർത്തപ്പോൾ തോന്നി, പെണ്ണുടലുകൾക്ക് വില പറയാത്ത ഒരു താവളത്തിലേക്ക് ഇവരെ കൈപിടിച്ചു നടത്താനാവണം എനിക്കു ലഭിക്കുന്ന രാത്രി ശ്രമിക്കേണ്ടത് എന്ന്.

സുഗതകുമാരിയുടെ വരികളിൽ പറയും പോലെ

“രാത്രിയും ഞാനും മാത്രം....
മറ്റൊരാളിടയ്ക്കില്ലായെങ്കിൽ”

അഗാധമായ രാവനുഭവങ്ങളിൽ നിറഞ്ഞ് ഞാൻ പ്രതീക്ഷയുടെ മറ്റൊരു പുലരിയിലേക്ക് ചുവടുവെച്ചേനേ---

**വൈ.എസ്.പൌർണ്ണമി (1988-90)**

**“Gem” Meera V M & 1st runner up of Gem of St. Mary's sharing their experiences**







## ഓർമ്മകളിലെ ഓണം

ഓണം വന്നോണം വന്നോണം വന്നേ
ഓണത്തിന്നോർമ്മകൾ ഓടിവന്നേ
പൊന്നിൻ ചിങ്ങം വന്നിങ്ങെത്തും നേരം
പൊന്നോണത്തിൻ നാടുണർന്നീടുന്നു.

കാലവർഷത്തിൽ കുളിച്ചുതോർത്തി
ചേലിൽ മരതകപ്പട്ട് ചാർത്തി

വഴിനീളെ വർണ്ണപ്പൂക്കൾചൂടി
മാവേലി മന്നനെ കാത്തിരിപ്പൂ.

അത്തം മുതലുള്ള പത്തുനാളിൽ
ഒത്തു മിനുക്കിയൊരങ്കണത്തിൽ
മുക്കുറ്റി, മന്ദാരം തുമ്പപ്പൂവും
മുല്ലയും, റോസും ജെമന്തിപ്പൂവും
ചന്തമേറുന്നൊരു ചെത്തിപ്പൂവും
ചേർത്തൊരു പൂക്കളമിട്ടുമോദാൽ
കുട്ടികളെല്ലാരും കൂട്ടുകൂടും
ഒട്ടും മറക്കാത്ത ഓണക്കാലം.

വർഷത്തിലേറെനാൾ കാത്തിരുന്ന്
ഹർഷം നിറഞ്ഞങ്ങണിഞ്ഞിടുമ്പോൾ
ഓണക്കോടിയതിൻ ഗന്ധമോർത്താൽ
വേണല്ലോ വേഗമൊരോണക്കാലം.

അച്ഛനുമമ്മയും സ്വന്തക്കാരും
തുച്ഛവരുമാനം ചേർത്തുവെച്ച്
വെച്ചു വിളമ്പുമൊരോണ സദ്യ
കൊച്ചുമനസ്സിലിടം പിടിച്ചു.

ഓണത്തിനെല്ലാരും നാട്ടിലെത്തും
ഓണക്കളികൾക്കായൊത്തുകൂടും
നാടൻ പാട്ടുകൾ, ഓണപ്പാട്ടുകൾ
നാടാകെ വേദികൾ കീഴടക്കും
ഊഞ്ഞാലാട്ടം, കുമ്മാട്ടിയും പിന്നെ
വള്ളം കളിയും വടംവലിയും
ഉത്സവകാലത്തിൻ മത്സരങ്ങൾ
ഉത്സാഹമോടങ്ങാടിത്തിമർക്കും.

**പ്രൊഫ. അന്നം ജോൺ (1979)**

**Alumnae donated Rs 30000 towards scholarships for BBA & BSW**




## എവിടെ ആ ഭൂമിതൻ സുന്ദരകാഴ്ചകൾ ?????

ഇവിടെ ഞാനിങ്ങു നിൽക്കുന്നു
എങ്കിലും എവിടെ ആ ഭൂമിതൻ
സുന്ദരകാഴ്ചകൾ?
പറയൂ എവിടെ ആ മനമൂറും കാഴ്ചകൾ?
കത്തിജ്വലിക്കും അഗ്നിതൻ ചാരമായ്
ഇനിയെന്നും അതെന്നുള്ളിൽ ഓർമ്മകൾ
മധുരതേനൂറും സുന്ദരകാഴ്ചകൾ!!

പച്ചയാംവിരിപ്പിട്ട പാടശേഖരങ്ങളും
എങ്ങുപോയ് എങ്ങുപോയ് എങ്ങുപോയ്?
കളകളം വീണമീട്ടും കിളികളും
ഹരിതവർണ്ണക്കുടയേന്തും വൃക്ഷങ്ങളും
മധുരമാംതേൻ നുകരും പൂക്കളും
ശുദ്ധജലമേന്തും അരുവി, പുഴകളും

എന്നിൽ നിന്നെങ്ങുമാഞ്ഞു
മറഞ്ഞുപോയ്?
ഇനിയെല്ലാം എൻ ഓർമയിൽ തഴുകും
കാഴ്ചകൾ

വരുമോ ഇനിയൊരുജന്മം ആ
മധുരസുന്ദരകാഴ്ചകൾ ഒരിക്കലെങ്കിലും?
വരുമോ? വരും........വരണം.......
ഞാനും നീയും നിങ്ങളും നമ്മളും
കൈകോർത്തു ചേർന്നാൽ ഇനിയും വരും
ആ ഭൂമിതൻ സുന്ദരകാഴ്ചകൾ
ഉണരൂ ഉണരൂ ഇങ്ങുവരൂ ഭൂമിതൻ മക്കളേ
തിരിച്ചുപിടിക്കാം ആ സുന്ദരകാഴ്ചകൾ!!!

**അസ്ന അഷറഫ് (2013-2016)**

**Department of Economics conducted Alumnae Lecture Series**




A Lecture on Capital Market Derivatives by Smt. Sini Thomas M, (2005-2008) Research Scholar In University Of Calicut to V$^{th}$ Semester BA Economics students on 28-06-2017.




A talk on "Trend and Pattern of Foreign Trade in India" delivered by Dr. Thushara George, Asst. Prof, Dept of Economics, St Teresa's College, Ernakulam, to both BA Economics and MA Applied Economics Students on 2-11-2017.

## എന്റെ വലിയ സ്വപ്നം

എനിക്കൊരു സ്വപ്നമുണ്ട്, ഒു ചെറിയ വലിയ സ്വപ്നം
ഒരിക്കലും നടക്കില്ലെന്ന് അറിയാവുന്ന ഒരു സ്വപ്നം
കാരണം,ആ സ്വപ്നത്തിലേക്കെത്താൻ ഞാൻ ഒട്ടേറെ കടമ്പകൾ കടക്കണം
അതിന്...................... ഞാനൊന്ന് മരിക്കണം.!!!
മുടിയിഴകൾ വെള്ളിനിറമാകാതെ
കൈകളിൽ നിന്നും സ്പൂണും പാത്രങ്ങളും താഴെ വീഴാതെ
കൊച്ചുമക്കളെ പോലെ കിടക്കയിൽ മൂത്രമൊഴിക്കാതെ
പീളകെട്ടിയ വെള്ളം നിറഞ്ഞ കൺതടങ്ങളില്ലാതെ
കോടിയ ചുണ്ടുകൾക്കിടയിലൂടെയുള്ള വിതുമ്പലുകളില്ലാതെ
ഓർമ്മകൾ മായാത്ത, മനസ്സു മടുക്കാത്ത
ഒരു സുഖനിദ്രയിൽ ഒരു സ്വപ്നം പോലെ
ഈ ലോകത്ത് നിന്നും മാഞ്ഞു പോകണം.

എനിക്കൊരു സ്വപ്നമുണ്ട്. ഒരു ചെറിയ വലിയ സ്വപ്നം
അതിന്.... ഞാനൊന്നു പ്രസവിക്കണം!!!

അതൊരു പെൺകുഞ്ഞായിരിക്കണം
ജനിക്കുമ്പോൾ അവൾക്കു മൂന്നു വയസ്സാകണം,
ജനിച്ചയുടൻ എന്നെ കെട്ടിപിടിച്ച്
അമ്മേ എന്ന് വിളിച്ച് കവിളിൽ ഒരു ഉമ്മ തരണം.
അതെ...അവളെന്നെ കൊതിപിച്ച് കരയിച്ച
എന്റെ ആദ്യത്തെ കൺമണിയായിരിക്കണം.

എനിക്കൊരു ചുംബനം വേണം!
പ്രണയത്തിൽ പൊതിഞ്ഞ പ്രിയതമന്റെ ആദ്യചുംബനം
കൈവിരലുകൾ തൊട്ടുതൊടാതെ, കണ്ണിൽ കണ്ണിൽ നോക്കി, ശ്വാസത്തിനൊത്ത്
ഹൃദയതാളമൊതുക്കി, തമ്മിലറിയാനുള്ള ആകാംക്ഷയോടെ പുതുമഴയത്ത്
ആ പൂമരച്ചോട്ടിലിരുന്ന് ഞങ്ങൾക്കൊന്നും പ്രണയിക്കണം

എനിക്കൊരു യൂണിഫോം വേണം, കൂട്ടത്തിൽ കണ്ണുചിമ്മി തുറക്കുന്ന
ഒരു പാവയും മുടിയിഴകൾ പിന്നിയിട്ട് ബാഗും കുടയുമൊതുക്കി
ഒരു പൂമ്പാറ്റയെപോലെ കടിഞ്ഞാൻ ഇല്ലാത്ത കുതിരയെപോലെ
ബാല്യകൌമാരങ്ങളിൽ അലിയണം.

എനിക്കൊന്നു ഉറങ്ങണം!
ബന്ധങ്ങളുടെ നൂലാമാലകളില്ലാതെ ലാഭനഷ്ടങ്ങളുടെ കൂട്ടികിഴിക്കലുകളില്ലാതെ
ജയപരാജയങ്ങളുടെ കണക്കെടുപ്പുകളില്ലാതെ
സ്വസ്ഥമായ്.............ശാന്തമായ്..............സുരക്ഷിതമായ്
എനിക്കൊന്നു ഉറങ്ങണം
അതിനു ഞാൻ ഒരുപാടു ദൂരം പിന്നിലേക്കു സഞ്ചരിക്കണം.
അതെ.......എന്റെ അമ്മയുടെ ഗർഭപാത്രത്തിലേക്ക്
അതു തന്നെയാണ് എന്റെ സ്വപ്നം.

**പ്രസന്ന ആർ. കോവത്ത് (2007-2012)**

**Principal congratulating the Ph.D holders**






**TRICKY QUESTIONS**

1. Name all the numbers from 1-100, which number has the letter ‘a’ in their spellings.
   **Ans. None**

2. How many sides does a circle have?
   **Ans. 2, An inside & an out side**

3. Which two words, when combined, hold the most letters?
   **Ans. Post Office**

4. You have a match and you enter a wagon with a candle, a lamp & a fireplace. Which one do you light first?
   **Ans. Your match**

5. Which letter of the English alphabet flies, sings & stings?
   **Ans. ‘B’ (bee)**

6. Which one is correct? “Penguin flies” or “A Penguin flies”.
   **Ans. None. Penguins do not fly**

7. If there are 12 fish and half of them drown, how many are there?
   **Ans. 12, Fish don't drown**

8. A man went outside in the pouring rain with non protection, but not a hair on his head got wet. How come?
   **Ans. He was bald headed**

9. A girl kicks a soccer ball. It goes 10 feet & comes back to her. How?
   **Ans. She kicked it up**

**Sanjana Sethu (2014-2017)**

**Dr. Vijayalakshmi examining the patience**



## ഊഴം കാത്ത്

നട്ടുച്ച പൊരിവെയിലിൽ
ഒറ്റയ്ക്കു നടന്നെത്തി
“നേരത്തേ വന്നു അല്ലേ”
തിരക്കിയാരോ മന്ദം
“നേരത്തെ വരികെന്നുള്ള
ദുശ്ശീലം ശീലമാക്കി ഞാൻ”

സദസ്സു നിറഞ്ഞിട്ടും
വേദിയനങ്ങീല
വൈകി വന്നില്ലെങ്കിൽ
വലുപ്പം കുറയില്ലേ?

നിമിഷങ്ങളിഴയുന്നു
സമയം കനക്കുന്നു.
അകലത്തു നിന്നാരോ
അലറിപ്പായുന്നു

അദ്ധ്യക്ഷനതികായൻ
അറിവിൻ പരബ്രഹ്മം.
കണ്ടതുപെൺപേരാദ്യം
“വേണ്ടതു പിന്നീടാവാം
ആണുങ്ങളില്ലേ വേറെ
അവർക്കു തിരക്കല്ലേ
അവധി ദിനമെങ്കിലും
പെണ്ണുകാത്തിരുന്നോളും.”
എന്നോർത്താലും ശരി.

ആശംസയൊഴുകീ പിന്നെ
ആത്മപ്രശംസയോടൊപ്പം
വാക്കുകൾ മുടന്തീ ഇഴഞ്ഞു
നിർജ്ജീവം നിർലജ്ജം

പറഞ്ഞു തീർത്തവരെല്ലാം
പറന്നകന്നു വേഗം

| | |
|---|---|
| “വിശിഷ്ടരെല്ലാം തന്നെ<br>വേദിയിലിരിക്കണം”<br>ഇല്ലെങ്കിൽ തലപോയിടു<br>മെന്നോർത്തിട്ടവളും ചെന്നു.<br><br>കരുതിയൊരുങ്ങിയോർ<br>വാങ്മഴ ചൊരിയവേ<br>എഴുതിപ്പഠിക്കാത്തോർ<br>ഇരുളിൽപ്പരതീമെല്ലെ.<br><br>പേരുള്ളോർ പതിവുപോൽ<br>പല്ലവി നീട്ടിപ്പാടി<br>നൂറ്റൊന്നാവർത്തിച്ചാൽ<br>മാറ്റേറുമെന്നു ശാസ്ത്രം. | മറ്റുള്ളോർ ചൊന്നതേതും<br>കേൾക്കുവാൻ<br>കാതില്ലാത്തോർ.<br><br>പറയാതിറങ്ങിയാൽ<br>അവരോർക്കും തിരക്കെന്ന്<br>അതുവേണ്ടവൾ കാത്തു<br>രണ്ടുവാക്കുരിയാടാൻ.<br><br>ലേഡീസ് ഫസ്റ്റെന്നാദ്യ<br>മരുളിയ സായിപ്പെത്ര<br>മാന്യനെന്നവളോർത്തു<br>അവളുടെയൂഴം വന്നു<br>ഇടിയായ് കൊടുങ്കാറ്റായ്<br>തോരാത്ത പേമാരിയായ്. |

**ഡോ.പാർവ്വതി വാരിയർ (1983)**

**Alumnae president addressing the audience during the eye camp**




**Headmistress welcoming the team of Doctors during eye camp**




## <u>ഇന്ന് ചിരിക്കാം...., നാളേയ്ക്കായ്</u>

കടന്നുപോയ ദിനരാത്രങ്ങൾക്കും,
കാത്തിരിക്കുന്ന
നിമിഷങ്ങൾക്കുമിടയിൽ
ഇല്ലാതാവുകയാണ്

ഇന്നിന്റെ സന്തോഷം...!

വാശികൾക്കും
വിഷം ചീറ്റും വാക്കുകൾക്കുമിടയിൽ
വാടിപ്പോകുന്നു
ഇന്നിന്റെ സന്തോഷം....!

തിരക്കുകളിൽ
തീരാസ്വപ്നങ്ങളിൽ.....
തിരയുന്നില്ല നാം
ഇന്നിന്റെ സന്തോഷം...!

തുറക്കാം, മനസ്സും
മിഴികളും......
പകുത്തെടുക്കാം
സ്നേഹത്തിൻ മധുരം.......

നിറയ്ക്കാം ചുണ്ടിൽ
നിറമുള്ള പുഞ്ചിരി........
കരുതിവയ്ക്കാമാ ചിരി
നാളേയ്ക്കായ്.......

**നീനു നീലകണ്ഠൻ (2011-2014)**

**Golden memmory**

Teachers are the real mentors in a student's life. They teach us not only subject; but also discipline and morality. One such teacher is Ms.Susamma Thomas. She joined in service on 1968.She



served as HOD of Chemistry Department throughout her service. She took VRS in March 1994. She was a very efficient and dedicated teacher.She was very simple, humble, loving and caring person who had good relation with students and teachers.On the roots of her love and concern towards students a scholarship was establishedin the title 'Susamma Memorial Prize' which is awarded for the selected meritorious student from Department of Chemistry every year. After retirement she became a fulltime social worker. She passed away last year.

**How to reduce household waste?**

Waste management is all measures required to handle waste from its origin to its final disposal. Waste may be solid, liquid, or gas and each have different methods of disposal and management. It was created industrially, biologically or by household ways. Zero Waste strategy encourages the redesign of resource of wastes and also reuse of all products. The goal is for no trash to be thrown into the environment. In order to reduce the waste, each citizen should avoid such situations being wasteful. The following are the tips to cut down the household waste.

**Reduce garbage**

*Use cloth bags instead of plastic-* This small measure will greatly reduce the amount of waste bring into the home. Use reusable cloth bags instead of accepting plastic bags from the store.

*Use the bulk food section* - Buy rice, beans, cereals, teas, spices, and other dry foods in the bulk food section of grocery store and store the foods in airtight glass or containers in the home.

*Don't use bottled drinks* -Bottled water and other bottled drinks are a major source of waste in many places. If one has to travel long distance, instead of buying bottled drink homemade lemonade or other drinks are great choices.

*Reduce paper usage*- Take measures to reduce the amount of paper for buying, as well as the amount of paper that gets sent through e-mail. In order to reduce paper usage one should pay bills by online and also take measures to stop junk mail from overflowing your mailbox. Reuse paper by printing on both sides.

**Reusing and Recycling**

*Donate items when possible*- Donate old clothing, usable electronics, or other items instead of throwing them out in the trash. Old clothes and fabric scraps can be donated to a fabric recycling facility.

*Reuse containers*- Durable containers, bottles, boxes and bags can be reused a number of times before they need to go out with the garbage or recycling. Plastic containers are fine to use for storage, but be careful about reusing them too many times to store food.

*Dispose of trash and hazardous waste properly* - Some household items can't be recycled or reused. These items have to be thrown out with the trash or disposed of at a hazardous waste facility. Try to reduce the consumption of batteries, paint, TVs, computers, and other electronics.

**Composting**

Select an area in a sunny or partially shaded spot and dump food scraps, cuttings, g*reen* items like raw vegetable peelings, coffee grounds, tea bags, grass cuttings, leaves, and brown items like sticks and branches, paper, cardboard, eggshells, sawdust into it properly. Maintain the compost site and use the compost when it's ready.

Waste is not something that should be disposed of with no regard for future use. It can be a valuable resource if treated properly, through strategy and practice. With rational and consistent waste management practices there is an opportunity to reap a range of benefits.

**Dr Sheeja T Tharakan (1992)**

**Mrs. Santha Rajagopal (Elder Marian-1975-77) renowned hosts of Cookery Shows conducted demonstration session on "Khichdi and Beetroot salad" for the students on 13-12-2017.**





## അനുസ്മരണം



2017 സെപ്റ്റംബർ 13-ാം തീയതി പ്രൊഫസ്സർ സാറാമ്മ തോമസ് നമ്മെ വിട്ടുപിരിഞ്ഞു. കുറേ വർഷങ്ങളായി ജമ്മുവിലെ ഉധംപൂരിൽ ഇളയമകളുടെ കുടുംബത്തോടൊപ്പമായിരുന്നു അവർ താമസിച്ചിരുന്നത്. മൃതശുശ്രൂഷയും സംസ്കാരവും സെപ്റ്റംബർ 15-ാം തീയതി എറണാകുളത്തുവെച്ച് നടത്തി. അന്ത്യശുശ്രൂഷ പ്രാർത്ഥനയ്ക്ക് മുമ്പായി ദേവാലയത്തിൽ വെച്ചുതന്നെ പുരോഹിതരടക്കം പത്തോളംപേർ അവരുമായുണ്ടായിരുന്ന ഊഷ്മള ബന്ധം അനുസ്മരിച്ച് സംസാരിച്ചു.

1979ൽ ചരിത്രം ബിരുദകോഴ്സ് ആരംഭിച്ചപ്പോൾ വിമലകോളേജിൽ നിന്നും പ്രൊഫ.സാറാമ്മ തോമസിനെ സെൻറ് മേരീസ് കോളേജിലേക്ക് സ്ഥലം മാറ്റി. 1982-ൽ അവർ ജോലിയിൽ നിന്ന് വിരമിച്ചു. ക്ലാസ്സ്മുറിയിൽ ചരിത്രത്തിന് പുറമെ സ്വന്തം ജീവിതത്തിൽ നിന്ന് പഠിച്ച പാഠങ്ങളും വിദ്യാർത്ഥിനികളെ പഠിപ്പിച്ചു. ആദ്യത്തെ ചരിത്ര ബാച്ച് പുറത്തിറങ്ങിയ വർഷം തന്നെയായിരുന്നു അവർ വിരമിച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചരിത്രം ഡിഗ്രി പരീക്ഷയിൽ രണ്ടും മൂന്നും റാങ്കുകൾ നേടിക്കൊണ്ട് അവർ ഗുരുവിന് ഉചിതമായ ഒരു സമ്മാനം നൽകി.

സ്റ്റാഫ് റൂമിലും അങ്ങേയറ്റം സൌഹൃദാന്തരീക്ഷം നിലനിർത്തി. വിരമിച്ചശേഷവും ഇടയ്ക്കിടെ ഡിപ്പാർട്ട്മെൻറിൽ വന്ന് ബന്ധം തുടർന്നുപോന്നു. ഉധംപൂരിലായിരുന്നപ്പോഴും ഫോൺ കോളുകളും, സമ്മാനങ്ങളും സ്റ്റാഫിനെ തേടിയെത്തി.

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മരണം അവസാനമല്ല. പുനരുത്ഥാനത്തിലും നിത്യജീവനിലും വിശ്വസിച്ചിരുന്ന പ്രൊഫ.സാറാമ്മ തോമസിൻറെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**Lunch with our dear alumnae**



**<u>അമ്മായിയമ്മ</u>**

വമ്പത്തി മരുമകൾ കൊമ്പത്തിരിക്കുമവൾ,
ഇരിക്കുന്ന കൊമ്പുമുറിഞ്ഞേയ്
പെട്ടെന്ന് താഴെ പൊട്ടി വീണിട്ടുരുണ്ടു മണ്ണിൽ,
അലമുറയിട്ടു കരഞ്ഞേയ്
അമ്മായിയമ്മ കിനാ കണ്ടുറക്കെ
യട്ടഹസിച്ചൊട്ടുണർന്ന് കണ്ണുമിഴിച്ചേയ്
കണ്ടതെല്ലാം പാഴ്ക്കിനാവാണെന്നു നണ്ണി സത്യമാവാൻ,
ജപമാലയിട്ടുതിരിച്ചേയ്

നൻമ നിറഞ്ഞവളേ, സ്വസ്തി ചൊല്ലും നേരമിരു,
കണ്ണോലിക്കും കാഴ്ച കാൺ തായേ
നൊന്തു പെറ്റ പൊൻ മകനെ, ചെറു വിരലിലവൾ
കറക്കും, ചിത്രവേല കാണുക തായേ
അമ്മ പരം പൊരുളെന്ന, പരമാർത്ഥമെടുക്കാത്ത,
നാണയമായവനെറിഞ്ഞേയ്
അവനെത്തും നേരമവൾ, കുഴയുന്ന ശൃംഗാരം,
അവനേറ്റം പ്രിയമായ് വന്നേയ്

നെറികെട്ടോൾ തലയിണ, മന്ത്രശക്തിയാലവനെ,
ആണത്തം കെട്ടവനാക്കി
അവനത്രെയവളുടെ ജീവിതത്തിൻ സൌഭാഗ്യം,
കേട്ടിട്ട് ചിരി വരുന്നയ്യോ
അങ്ങേലെ മറിയേടെ മരുമകൾ കൊണ്ടുവന്ന,
സ്ത്രീധനത്തിൻ തുകയും കാറും
കണ്ടിട്ടാ വെള്ളക്കുതിര മുഖിയ്ക്കൊട്ടും,
നാണം വരുന്നില്ലല്ലോ

ഉദ്യോഗസ്ഥയാണുപോൽ, കെട്ടിയാടിയങ്ങാടി
ചുറ്റിയടി തന്നെയാണെന്നും
അവനേതു കാട്ടുവങ്കൻ, അവളുടെ കാര്യങ്ങൾ
അമ്മയൊന്നും നോക്കരുതത്രേ
അവളുടെ എം.എട്ടേം, കിമ്മേടേം കടലാസ്സ്
തീയൂതാൻ കുഴലിനു കൊള്ളാം
തറവാട്ടിൻ സൽപ്പേര് നിലനിർത്താൻ പോരുന്ന
വിവരമാ കഴുതക്കുണ്ടോ

ഇയ്യുള്ളോളിതുവരേയും, മാപ്പിളതൻ നേരെ നോക്കി,
ഒരു കാര്യം ചൊല്ലിയതില്ല
ഇവിടെയിവൾ, ധനമന്ത്രി, ഇവളിഷ്ടം അവനിഷ്ടം,
കുശുകുശുപ്പാണെല്ലാമെല്ലാം
രണ്ടുപേരുമെന്നോടൊന്നുരിയാടാതൊത്തിട്ട്,
വണ്ടിയേറിയൊരുപോക്കുണ്ടേ
അതു കാണുംനേരമെന്റെ മേനിയാകെ പെരുപെരുത്തു
കയറിടുമെൻ തമ്പുരാൻറമ്മേ

ശ്ലീഹ പറഞ്ഞ പോലെ, സഭയിൽ തല മൂടേണ്ടോൾ,
സമുദായ നായികയത്രേ
ദാനമായി മൌനിയായി നിന്നെങ്കിൽ നന്നെന്ന്,
ഞാനെത്ര ചൊല്ലിയതാണേ
ആരുണ്ട് ചെവിതരുവാൻ, അവളുടെ കെട്ടിയോനോ,
അവനെ നീ കൊട്ടണം തായേ
പെണ്ണൊരുത്തി ഒരു പാഠം പഠിക്കുവാൻ തക്കശിക്ഷ
നീ തന്നെ ഏകണം കന്യേ

വീട്ടീന്ന് പടിയിറങ്ങി പോകാനും വയ്യ തായേ,
നീയെന്റെ ഏകമാം തുണ

അവൾ പെറ്റതാണേലും, എന്റെ കുഞ്ഞു പൈതലിനെ.
കൈത്തിരിപോൽ കാക്കണേ മാതേ
പ്രാർത്ഥനക്ക് ഉത്തരം നീ നൽകിടും ഹാ നിശ്ചയമായ്,
സ്വസ്ഥമായ് ഞാൻ കണ്ണടക്കട്ടെ
സ്വർഗ്ഗസ്ഥനായ താതൻ പരിശുദ്ധറൂഹായും
പുത്ര സഹിതം കാത്തീടണേ

**പ്രൊഫ. ഡോ.മേരിക്കുഞ്ഞ് (1979)**

## അടുക്കളക്കണ്ണുകൾ

നീറ്റുകക്കയിൽ പൊതിഞ്ഞ സങ്കടങ്ങൾക്കുമേൽ
സ്വപ്നങ്ങളുടെ കണ്ണീരിറ്റു വെന്തെരിഞ്ഞ്
ചാരമാകുന്നുണ്ട് ഓരോ ദിനാന്തവും.
വിറച്ചിരിപ്പുണ്ട് പ്രതീക്ഷയുടെ മഞ്ഞുപാത്രങ്ങളിൽ
തണുത്ത്, നീയെന്നും ഞാനെന്നുമെഴുതിയ
രണ്ടു മെഴുകുതിരികൾ, ഇരുട്ട് ഞൊറിയിട്ട
ജാലകങ്ങൾക്കിപ്പുറം നെടുവീർപ്പുകളുടെ കരിമേഘങ്ങൾ
ഉറക്കത്തെ തല്ലിവീഴ്ത്തുന്നുണ്ടെപ്പൊഴും
ചിലനേരങ്ങളിൽ കണ്ണിൽ പൊടികയറിയപോലെ
കണ്ണീരിന്റെ പൂഴിത്തരികൾ കലമ്പിനിൽക്കും
ശബ്ദമില്ലാതെ അവ, പലപ്പോഴും
അടുക്കള അവസാനിക്കുന്നിടത്തായിരിക്കും.
ആരും കേൾക്കരുതെന്ന് ഒളിപ്പിച്ച ശബ്ദത്തോടെ
തട്ടിത്തടഞ്ഞ് വീഴുക തുഴയെടുക്കാൻ മറന്നുപോയ
തോണിക്കാരന്റെ വേവലാതിയോടെ ദിക്കറിയാതെ

തിരയുന്നുണ്ട്, നാളത്തെ തോളേറ്റിയ ആധിപിടിച്ച മനസ്സ്
പുലർച്ചയോടെ ഇടവേളയിലെപ്പോഴൊ
സ്വപ്നത്തിൽ കയറി വരുന്നുണ്ട് ചട്ടിയിൽ
ചത്തുകിടക്കുന്ന മത്തികൾതൻ തുറന്ന കണ്ണുകൾ.

**അശ്വതി.കെ.ജയരാമൻ (2014-2017)**

## Acheivements

**NET & JRF**

**Dept of Mathematics**

Shahana AR (2007-2012)



**Dept of Botany**

Sreeshma P S (2011-2014)



Neenu A Santhosh (2004- 2007)



Anusree K Dharman (2007-10)



**Dept of History**

Jibi Jose P (2009-11)



**Dept of Computer Science**

Tainu Ousey(2008-11)



**Dept of Microbiology**

Steji Raphel ( 2011-2014)

GATE Rank -189

Gate Score(619)



**Dept of Biotechnology**

Hima Xavier (2012-15 )



## NET

**Dept of Mathematics**

Krishnapriya C (2007-2012)



**Dept of Commerce**

Greeshma P.B. (2016-18)



Femy Moni (2015-17)



Delma Pulikkottil D. (2015-17)



**SET**

Manita Gabriel (2008-2013)

Jyothy P K ( 2009-2012)

Aswathy KG(2008-11)

Anjumol V T(2008-11)

CONGRATULATION

## Dept of Botany

PhD from Kerala University

Dr.Anila P Ajayan



.

Thesis Title: Ecological Assessment of Museum Lake in Thiruvananthapuram, Kerala with Special reference to its Conservation and Management

## Dept of Economics

Dr . Sini Thomas

(2005-2008)

PhD From Calicut University



Topic:"Capital formation in Kerala Agriculture"

## Dept of Computer Science



Surya Chand P C

(2014-17)

Ist rank in CUSAT

MCA Entrance (SC Category)

**<u>Dept of Economics</u>**



Surabhi V .S (2015-17).

I rank in MA Applied Economics

**Dept of Biotechnology**



Gayathri M (2012-15)

MG University

Ist rank in Msc

Biotechnology

**Dept of Biotechnology**



Nimmi Vincent (2012-15)

Calicut University

III rank in Msc

Biotechnology

**<u>Placements</u>**

**<u>Dept of Microbiology</u>**



Smisha Lawrance

(2009-2014)

SI-Fingerprint (Central Fingerprint Bureau -CFPB)

NCRB-National Crime Records Bureau New Delhi.

**BVocMultimedia**

Amitha Thomas(2014) Designing Dept.
Aswani.K. K (2014) Color correction Dept.
Creative Castle, Max Arcade, 11/858/5, Thrissur

**B.Voc Software Development**

**Syama I.S(2014).**The Kerala State Development Corporation for Scheduled Cast & Scheduled Tribes Ltd, Thrissur.
**Athira P(2014).** M Squared Software and Services Pvt.Ltd. , Techno Park Campus, Thiruvananthapuram
**Ragi V.R &Shenna Johnson (2014).**M Squared Software and Services Pvt.Ltd. , Techno Park Campus, Thiruvananthapuram
**Nimisha Devassy (2014)**Wu-xing Cyber Solutions, Upasika group of companies, Sreelakshmi building, Thrissur
Shari K V **(2014). Working @ White ovel, Technologies, TVM**
**Nimitha K N(2014) Fab STUDIOZ, Thrissur.**

**Dept of Computer science**
**University assistant, Kerala university**

Abhilasha Prabhakar(2011-13)

**Placed in TCS (2014-17)**

M. Sowparnika,
Surya Chand P C,
Stephy Maria P S,
KeerthyGopinath K,
Indu K S

**Placed in UST Global (2014-17)**

Stephy Maria P S
Fila Jose

**Dept of Mathematics**

**Lecturer in Sahrdaya College of Advanced Studies , Kodakara**

Sreeja Santhoshkumar (2012-17)

**BEd training college Thrissur.**

ShahanaAR (2007-2012)

**Dept of Botany**

**Assisant Professor on contract at Vimala College, Thrissur**

Anjana P A (2011-14)

**Assisant Professor on contract at St. Joseph's College, Irinjalakkuda**

Reshma K (2012-15)

**Research Assistant at Botany Department, Calicut University.**

Divya K Venugopal (2011-14)

**HSA at Lord's academy, Varandarapilly**

Reeba Rose B P(2012-15)

**LDC, Thaluk Supply Office , Vadakkancherry.**

Ranjini K B (2006-9)

**Assisant Professor on contract at Lilltle Flower College, Guruvayur.**

Whylgreen (2011-14)

**HSA at SSLPS, Koodaranji.**

Neenu Maria Jose (2015-17).

**Vocational Instructor at GVHSS , Pudukkad.**

Deepa Chandran (2007-10)

**Teacher at Vishwodaya CBSC Public School, Visakhapattananm.**

Aleena P Kuttan(2007-10)

**Research Assistant at Olericulture,KAU**

Anju K C (2011-14)

**HSST at Govt. HSS , Koppam.**

Sabitha V B(2001-2004)

**HSST at St. George HSS, Thozhiyoor**

Libi Thomas(2001-2004)

**HSST, Junior in Botany at VHSS, Kakkat.**

Divya V (2001-04)

**Assisant Professor on contract at St. Mary's College, Thrissur.**

Aswathy KG (2008-11)

Aiswarya Raj (2010-13)

Neenu A Santhosh (2004-2007)

**Physical Education Teacher (SST) at GGSUPS Kakkara**
Aneesha M.P (2009-12)

Conducted demonstration class on the topic "Solid waste recycling" by Ms. Indira Gopinath (1963-64) and visited Thumburmuzhi model constructed at Navani Apartments on 15th June 2017.

## Sports Alumina

Riya T.C(2013-16). Gold medal in Junior National Power Lifting Championship and Strong Woman

- First place in Calicut Unty.Inter Collegiate Power Lifting Championship



- Sumi George(2013-16) Ist Place in Senior National Power Lifting Championship ( Western Railway).



- Swathi Krishna C.Nair(2013-16) Ist place in  Senior National Weight Lifting Championship ( Central Railway)




Conducted a talk on “ Life style diseases and Remedies “ by Dr. E R Rakesh, Lecturer of International Sujok association on 12-07-2017.






Alumnae participated in Marian Monsoon fest on 3rd and 4th August, 2017.



**Talk on "Family well being through women health education" by Dr. Roni Ignatius (1985-87) on 22-1-2018**







**Principal awarding sash to the "Gem" 2018**



**Crowning ceremony of Gem of St. Mary's (Sadiya Bathul of II MSc Psychology) by Alumnae secetary**




**Participants of Gem of ST. Mary's contest along with alumnae**



# EYE Camp

# at

# St. Therasas L P School, Kanimangalam












**From the Heart of Alumnae**














**St. Mary's College**
**College Road, Thrissur – 680 020**
**2018**